fulfilling the great commission...

The Soul Winner

# ദി സോൾ വിന്നർ

January 2014 • Volume 1 • Issue 6

അക്ഷരം ആത്മരക്ഷയ്ക്ക്

വാർത്താപത്രിക

എല്ലാ വായനക്കാർക്കും പുതുവൽസര ആശംസകൾ

## സോൾ വിന്നേഴ്സ് ഇന്ത്യ വാർഷിക കൺവൻഷൻ ഫെബ്രുവരി 21 മുതൽ 23 വരെ

മദ്ധ്യപ്രദേശ്: സോൾ വിന്നേഴ്സ് ഇന്ത്യ പതിനെട്ടാമത് വാർഷിക കൺവൻഷന്റെയും ബൈബിൾ കോളേജ് ഗ്രാജുവേഷൻ സർവ്വീസിന്റെയും ഒരുക്കങ്ങൾ തുടങ്ങി. ഫെബ്രുവരി 21 മുതൽ 23 വരെ ബഡ്വാഹ സഭാ ആസ്ഥാനത്ത് നടക്കുന്ന യോഗങ്ങളുടെ ജനറൽ കൺവീനറായി പ്രസിഡന്റ് റവ. കെ. ജി. ഈശോ നേതൃത്വം നൽകുന്ന കമ്മറ്റിയുടെ പ്രവർത്തനം ആരംഭിച്ചു. ഇന്ത്യക്ക് അകത്തും പുറത്തുമുള്ള മുന്നൂറോളം സഭകളുടെയും മിഷൻ സ്റ്റേഷനുകളുടെയും പ്രതിനിധികൾക്കു പുറമേ വിവിധ ലോകരാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുക്കും.

റവ. റേ പോഫം (പ്രസിഡന്റ്, കോൾഡ് ടു ഓൾ നേഷൻസ് മിനിസ്ട്രീസ്), പാസ്റ്റർ റിച്ച് വെല്ലൂർ (നോർത്ത് വെസ്റ്റ് അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച്, ചിക്കാഗോ) റവ. കെ. ജി. ഈശോ, ബ്രദർ സന്തോഷ് ഈശോ എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും.

## കുമ്പനാട് കൺവൻഷൻ ജനുവരി 19 - 26 വരെ

കുമ്പനാട്: ഇന്ത്യാ പെന്തക്കോസ്തു ദൈവസഭ 90-ാമത് ജനറൽ കൺവൻഷൻ ജനുവരി 19 - 26 വരെ ഹെബ്രോൻപുരത്തു നടക്കും. കൺവൻഷന് തൊട്ടുമുമ്പുള്ള ഒരാഴ്ച കൺവൻഷൻ പന്തലിൽ വച്ച് നടത്തപ്പെടുന്ന ഉപവാസ പ്രാർഥന ഈ വർഷത്തെ യോഗത്തിന്റെ പ്രത്യേകതയാണ്. പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ എന്നാണ് ഈ വർഷത്തെ ചിന്താവിഷയം.

മധ്യസ്ഥപ്രാർഥന,ബൈബിൾ ക്ലാസ്, പൊതുയോഗം, കുട്ടികളുടെ പ്രോഗ്രാം, മിഷനറി സമ്മേളനം, യുവജനസമ്മേളനം, സഹോദരിസമ്മേളനം, സുവിശേഷയോഗം, ഹെബ്രോൻ ബൈബിൾ കോളേജ് ഗ്രാജുവേഷൻ തുടങ്ങിയവ കൺവൻഷനോടനുബന്ധിച്ച് നടത്തപ്പെടും. കൺവൻഷൻ 19 ന് വൈകിട്ട് 6 ന് ഉത്ഘാടനം ചെയ്യപ്പെടും. 26 ന് സഭായോഗത്തോടെ സമാപിക്കും.

## അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൺവൻഷൻ

പുനലൂർ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ ജനറൽ കൺവൻഷനും വാർഷിക കോൺഫ്രൻസും പുനലൂർ എ.ജി. ഗ്രൗണ്ടിൽ ജനുവരി 21 ചൊവ്വ മുതൽ 26 ഞായർ വരെ നടക്കും.

ജനുവരി 21 ന് വൈകിട്ട് 6 ന് ജനറൽ കൺവൻഷൻ സഭാ സൂപ്രണ്ട് പാസ്റ്റർ ടി.ജെ. സാമുവേൽ ഉദ്ഘാടനം ചെയ്യും. ദിവസവും വൈകുന്നേരം 6 മുതൽ 9 വരെയാണ് പൊതുയോഗങ്ങൾ നടക്കുന്നത്. പാസ്റ്റേഴ്സ് ടി.ജെ. ശാമുവേൽ, പി.എസ്. ഫിലിപ്പ്, കെ.ജെ. മാത്യു, ബാബു ജോർജ് തുടങ്ങിയവരും, പാസ്റ്റർ രാജൻ ഫിലിപ്പ്, പാസ്റ്റർ എൻ. പീറ്റർ, ബ്രദർ സ്റ്റാൻലി ജോർജ് എന്നിവരും പ്രധാന പ്രസംഗകരായിരിക്കും.

## 2016 ൽ യുഎസ് പ്രസിഡന്റാവാൻ ബോബി ജിൻഡൽ



വാഷിങ്ടൺ: ഇന്ത്യൻ വംശജനായ ലൂയിസിയാന ഗവർണർ ബോബി ജിൻഡൽ 2016ൽ യുഎസ് പ്രസിഡന്റ് സ്ഥാനത്തേക്കു മൽസരിക്കുമെന്ന് ലൂസിയാനായിലെ സെനറ്റർ ഡേവിഡ് വിറ്റർ സൂചന നൽകി. 2015ൽ രണ്ടാംടേം പൂർത്തിയാക്കുന്ന ജിൽഡലിന് ഇനി ഗവൺമെന്റ് സ്ഥാനത്തേക്കു മത്സരിക്കാനാവില്ല. റിപ്പബ്ലിക്കൻ പാർട്ടി അംഗമായ അദ്ദേഹം അടുത്ത മാസം തീരുമാനമെടുക്കുമെന്നാണ് ജിൽഡലിന്റെ സുഹൃത്തായ വിറ്റർ പറയുന്നത്.

## ദലിത് ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് പട്ടികജാതി പദവി പരിഗണിക്കും

ന്യൂഡൽഹി: ദലിദ് ക്രിസ്ത്യൻ, മുസ്ലിം വിഭാഗങ്ങൾക്ക് പട്ടിക ജാതി പദവി നല്കുന്ന വിഷയം കേന്ദ്ര മന്ത്രി സഭാ യോഗത്തിൽ പരിഗണിക്കാമെന്ന് പ്രധാനമന്ത്രി ഡോ. മൻമോഹന്റെ ഉറപ്പ്. ക്രിസ്ത്യൻ, മുസ്ലിം പ്രതിനിധികൾ പ്രധാനമന്ത്രിയെ സന്ദർശിച്ചപ്പോഴാണ് ഉറപ്പുനല്കിയത്. പട്ടികജാതി പദവി ആവശ്യപ്പെട്ടു കഴിഞ്ഞ ദിവസം നടത്തിയ പാർലമെന്റു മാർച്ചിനിടെ പോലിസ് ലാത്തിവീശുകയും മതപ്രതിനിധികളെ കസ്റ്റഡിയിൽ എടുക്കുകയും ചെയ്തതിൽ പ്രധാനമന്ത്രി ഖേദം പ്രകടിപ്പിച്ചു.

പട്ടികജാതി പദവി ലഭ്യമാക്കുന്നതിനുള്ള രാഷ്ട്രിയവും നയപരവുമായ തീരുമാനം കേന്ദ്രസർക്കാർ എത്രയും വേഗം സ്വീകരിക്കണമെന്ന് പ്രതിനിധികൾ അഭ്യർഥിച്ചു. ഡൽഹി അതിരുപതാ ആർച്ചു ബിഷപ്പ് അനിൽ ജെ. കൂട്ടോ, നാഷനൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ ജനറൽ സെക്രട്ടറി റവ. റോജർ ഗെയ്ക്വാദ്, എക്സിക്യൂട്ടീവ് സെക്രട്ടറി റവ. സുനിൽ രാജ് ഫിലിപ്പ്, നാഷനൽ കൗൺസിൽ ഓഫ് ദലിദ് ക്രിസ്ത്യൻ സെക്രട്ടറി വി. ജെ. ജോർജ്, ഓൾ ഇന്ത്യാ യുണൈറ്റഡ് മുസ്ലിം മോർച്ച പ്രസിഡന്റ് റിയാസുദിൻ തുടങ്ങിവർ പ്രതിനിധി സംഘത്തിനു നേതൃത്വം നല്കി.



*ഡൽഹിയിൽ ദലിത് ക്രൈസ്തവർ നടത്തിയ പ്രതിഷേധത്തിനിടെ പുരോഹിതന്മാർക്കെതിരെ പോലീസ് ജലപീരങ്കി പ്രയോഗിക്കുന്നു*

## സമൂഹവിവാഹം നടന്നു

പെന്തക്കോസ്തു യുവജന സംഘടനയായ പി.വൈ.പി.എ സംസ്ഥാന കമ്മിറ്റിയുടെയും ക്രോംപ്റ്റൺ ഇന്റർനാഷണൽകമ്പനിയുടേയും സംയുക്താഭിമുഖ്യത്തിൽ മൂന്ന് യുവതികളുടെ വിവാഹം കട്ടപ്പന ടൗൺ ഹാളിൽ വച്ച് പി.വൈ.പി.എ സംസ്ഥാന പ്രസിഡന്റ് സുവി. വിൽസൺ ശാമുവേലിന്റെ അദ്ധ്യക്ഷതയിൽ ഇൻഡ്യൻ പെന്തക്കോസ്ത് ദൈവസഭയുടെ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് നിർവ്വഹിച്ചു. സംസ്ഥാന പി.വൈ.പി.എ വൈസ് പ്രസിഡന്റ് സുവി. സിനോജ് ജോർജ്ജ് സ്വാഗതവും, സെക്രട്ടറി പാസ്റ്റർ സാബു ചാപ്രത്ത് വിഷയാവതരണവും, സംസ്ഥാന പി.വൈ.പി.എ പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ജോബി ജോസഫ് കൃതജ്ഞതയും പറഞ്ഞു. നവദമ്പതികൾക്കുള്ള ധനസഹായം 1 ലക്ഷം രൂപ ഓരോ കുടുംബങ്ങൾക്ക് ബ്രദർ സജി പോൾ ബ്രദർ സൂധി കല്ലിങ്കൽ എന്നിവർ കൈമാറി. സംസ്ഥാന സണ്ടേസ്കൂൾ ഡെപ്യൂട്ടി ഡയറക്ടർ പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ, ബ്രദർ സജി പോൾ തുടങ്ങിയവർ പ്രസംഗിച്ചു. ബ്രദർ സജി പോളാണ് സമൂഹ വിവാഹം സ്പോൺസർ ചെയ്തത്.





# Editorial



റവ. കെ. ജി. ഈശോ

# പഴയ വർഷവും പുതിയ വർഷവും

ഒരിക്കൽ ഒരാൾ പറഞ്ഞു: ഞാൻ ഒരിക്കലും പുതുവർഷ തീരുമാനമെടുക്കില്ല. കാരണം തീരുമാനങ്ങൾ പാലിക്കാൻ എനിക്കു കഴിയില്ല. തന്നെയുമല്ല പാലിക്കാത്ത തീരുമാനങ്ങളാണ് ഏറെയും. എന്നാൽ പുതുവൽസര തീരുമാനങ്ങൾ വളരെ വിലപ്പെട്ടതു തന്നെ എന്നു ഞാൻ കരുതുന്നു.

ഒന്നാമതായി നാം മാറ്റങ്ങൾ ആഗ്രഹിക്കുന്നവരാണ്. ഇത് സ്വയം സമ്മതിക്കുവാൻ നാം തയ്യാറാകാറില്ല. എന്റെ ജീവിതത്തിൽ ഒരു നിരാശയും ഇല്ലെന്ന് പറയുന്നവരെ ഞാൻ കണ്ടിട്ടുണ്ട്. അതുകൊണ്ട് ഇതേ അവസ്ഥയിൽ തുടരുന്നതാണ് നല്ലത്. എന്നെ സംബന്ധിച്ചിടത്തോളം അത് അന്ധമായ കാഴ്ചപ്പാടും വികലമായ ചിന്തയുമാണ്. നമ്മോടുതന്നെയുള്ള ഏറ്റുപറച്ചിലും ദൈവത്തോടുള്ള ഏറ്റുപറച്ചിലും, മറ്റുള്ളവരോടുള്ള ഏറ്റുപറച്ചിലും അനിവാര്യമാണ്. നല്ലതിലേക്കു പോകാനുള്ള ആദ്യ ചുവിട്ടുപടിയായിട്ടാണ് നമ്മുടെ പരാജയത്തെ തിരിച്ചറിയുന്നത്.

രണ്ടാമതായി കഴിഞ്ഞ വർഷങ്ങൾ എങ്ങനെയാണ് നാം പിന്നിട്ടതെന്നറിയാൻ കലണ്ടർ മറിക്കുന്നതു നല്ലതാണ്. കഴിഞ്ഞ വർഷത്തെക്കാൾ ഈ വർഷം വ്യത്യസ്തമായ് എനിക്ക് എന്തുചെയ്യാൻ സാധിക്കും. നഗരത്തിൽ താമസിക്കുന്ന ഒരാളേക്കാൾ ഉപരി ഗ്രാമീണനായ ഒരു കൃഷിക്കാരന് വർഷങ്ങൾ കടന്നുപോകുന്ന സമയത്തിന്റെ ഓർമ്മപ്പെടുത്തലുകളാണ് യിരെമ്യാവ് 4:3 ൽ പറയുന്നത്; മുള്ളുകളുടെ ഇടയിൽ വിതയ്ക്കാതെ നിങ്ങൾ തരിശുനിലം ഉഴുവീൻ. ഉത്പാദനത്തിനായി കൂടുതൽ നിലം മാറ്റിവച്ചാൽ കൂടുതൽ ആദായം ഉണ്ടാകും. എന്നാൽ നമ്മിൽ പലരും നിലം ഉഴുത് പാകപ്പെടുത്താതെ വിത്ത് മുള്ളുകളുടെ ഇടയിൽ വിതച്ച് ഫലം കാത്തിരിക്കുന്ന മടയന്മാരായി തീരുന്നു.

ഞാൻ താങ്കളോട് ഒരു ചോദ്യം ചോദിക്കട്ടെ?. താങ്കളുടെ ജീവിതത്തിൽ എത്ര ശതമാനം ഫലം പുറപ്പെടുവിക്കാറുണ്ട്. വരുന്ന പുതുവർഷത്തിൽ ഉഴുതുമറിച്ച് പാകമാക്കിയെടുക്കേണ്ടുന്ന നിലം എത്രമാത്രം ഉണ്ട്. തീർച്ചയായും വർഷാരംഭം പുനർവിചിന്തനത്തിന്റെ സമയമാകട്ടെ.

മൂന്നാമതായി പുതുവർഷം തിരുത്തലിനുള്ള സമയമാണ്. തീർച്ചയായും ആവിഷ്കരിക്കുന്ന പദ്ധതികളിൽ നാം പരാജയപ്പെടുന്നവരാണ്. എന്നാൽ കണക്കുകൂട്ടലുകൾ തെറ്റി ഉഴുതാത്ത നിലത്ത് വീണ്ടും വിതച്ചാൽ ഫലം പരാജയം തന്നെ ആയിരിക്കും. പരാജയത്തെക്കുറിച്ചു വിലപിക്കുന്ന നിനക്ക് ഒരു തകരപ്പാത്രത്തെ പോലും വീഴ്ത്താൻ ശക്തിയില്ലാതാകും. പരാജയം ഒരിക്കലും അവസാനമല്ല എന്നു ചിന്തിക്കുന്നവന് വിജയത്തെ തന്റെ സ്നേഹിതനാക്കുവാൻ കഴിയും.

പരാജയത്തെക്കുറിച്ച് ശ്രേഷ്ട അപ്പൊസ്തോലനായ പൗലൊസ് പറയുന്നത് ഇങ്ങനെയാണ്: ജീവിതത്തിലുടനീളം എതിർപ്പ്, ഉപദ്രവം, കപ്പൽ ഛേദം, കല്ലേറ്, സ്നേഹിതന്മാരാലുള്ള ഉപദ്രവം, കള്ളന്മാരാലുള്ള ആപത്ത് ഇതെല്ലാം എനിക്കുണ്ടായി. എന്നാൽ പിൻമ്പിലുള്ളതിനെ ഞാൻ മറക്കുന്നു മുമ്പിലുള്ള ലാക്കിലേക്കായി ഞാൻ ഓടുന്നു. അതുകൊണ്ട് പരാജയഭീതിയിൽ ജീവിക്കുവാൻ പൗലോസ് ഒരിക്കലും തയ്യാറാകുന്നില്ല.

നാലാമതായി പുതുവർഷം ദൈവകൃപയിലാശ്രയിച്ച് മുമ്പോട്ടുപോകുവാനുള്ളതാണ്. ആരംഭത്തിൽ തന്നെ ദൈവസഹായത്തിന് പ്രതീക്ഷ അർപ്പിക്കുക. പൗലോസിന്റെ ജീവിത വിജയ രഹസ്യത്തിന്റെ മന്ത്രം ഇതായിരുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയായവൻ. പൗലൊസിന്റെ വേദനയിലും സന്തോഷത്തിലും ദൈവത്തിന്റെ ശക്തി പൂർത്തീകരണത്തിലേക്കു നയിച്ചു.

ആവുന്നത്ര ദൈവശക്തിയെ പ്രയോജനപ്പെടുത്തിയാൽ പുതുവർഷത്തിൽ തീരുമാനത്തോടെ കടക്കുവാൻ കഴിയു. ദൈവമേ കഴിഞ്ഞ വർഷത്തെക്കാൾ ഈ വർഷവും നന്നായിരിക്കാൻ സഹായിക്കേണമേ എന്ന ഒറ്റവരി പ്രാർഥനയല്ല, ദൈവമേ എനിക്ക് ഒട്ടനവധി സഹായങ്ങൾ അങ്ങിൽ നിന്നും ആവശ്യമാണ്. അതുകൊണ്ട് ഞാൻ എന്നെ അങ്ങയുടെ കൈയ്യിൽ സമർപ്പിക്കുന്നു. അങ്ങയുടെ ശക്തി സംഭരിക്കാൻ എന്നെ അനുവദിക്കേണമേ. ആമേൻ. ഇപ്പോൾ താങ്കൾ ഒരു നല്ല തുടക്കത്തിനുള്ള ശക്തി സംഭരിച്ചിരിക്കും.

# FAITH SPEAKS

**BEING A FAITH PERSON DOESN'T MEAN YOU WON'T HAVE PROBLEMS. IT DOESN'T MEAN YOU ARE GOING TO GO THROUGH LIFE ON A BED OF ROSES, BUT IT DOES MEAN THAT WHEN THE PROBLEMS COME, YOU ARE ABLE TO CONFRONT AND DEFEAT THEM WITH FAITH IN YOUR HEART AND THE WORD IN YOUR MOUTH!**



Daniel Easo, Chicago

The Bible says, "Faith without work is dead (James 2:26). Some people still think believing is enough, but beliefs alone won't bring the results you need. Jesus didn't say, "For whosoever believes." He said, "For whosoever shall SAY". If you want to disqualify yourself from receiving, then just "say" nothing because faith only works for those who are willing to speak… "say unto this mountain."

When Jesus was in the desert for 40 days and nights, the Bible says that Satan came to tempt Him. Satan spoke, then Jesus spoke; then the enemy spoke again, and Jesus spoke again. This verbal conversation continued. At this point, there was a war going on- a war of words! Every time Jesus responded, He said, "It is written… it is written… it is written." If the Son of God needed to use the Word to defeat the enemy, wouldn't it only seem logical we would need the same ammunition? God's Word is a weapon against any situation. It is supposed to be in our mouths.

David is another example of someone who gained the victory with words. David was just a youth when he went to his brothers who were in the army. This is the same army who was afraid to fight the Philistine champion, Goliath. Goliath was approximately 9 feet, 9 inches tall. He had on six pieces of armor, and the head of his spear weighed 600 shekels of iron. David volunteered to fight this giant. When Goliath saw they had sent a boy to fight him, he was furious, and he started talking. David just didn't stand there with his mouth shut. He began talking too. David said to the Philistine, "You came against me with sword and spear and javelin, but I come against you in the name of the LORD Almighty, the God of the armies of Israel, whom you have defied. This day the LORD will hand you over to me, and I will strike you down and cut off your head. Today I will give you carcasses of the Philistine army to the birds of the air and beasts of the earth and the whole world will know that there is a God in Israel. All those gathered here will know that it is not by sword or spear that the LORD saves; for the battle is the Lord's, and he will give you all of you into our hands." ( 1 Samuel 17:45).

This is exactly what the Lord did. David triumphed over Goliath with a sling and a stone, and then took Goliath's own sword to cut off his head. When the Philistines saw this, they were terrified. Then, the men of Israel and Judah went into Philistine camp and defeated them. David spoke and saw victory.

Romans, Chapter 8, talks about every kind of problem you could possibly have: principalities, powers, things to come, distress, persecution, peril, nakedness, famine and the sword. Following this long list of problems, verse 31 says, "What then shall we say to these things? If God is for us who can be against us?" When trouble shows up, you need to say something; you need to speak something.

First Corinthian, chapter 10 says, "For they all drank from the spiritual rock that followed them, and that rock was Christ." When the children of Israel came out of Egypt, they went through many hardships in the desert. One of these hardships was they ran out of water. The first time this happened, Moses went to God for help. The Lord instructed him to strike the rock, and water would flow from it. Moses did as he was commanded, and water flowed from rock- not just a little stream, but enough water to fill the millions of thirsty people and all the animals too, so they could continue their journey.

The second time they ran out of water, God didn't tell Moses to strike the rock again. Instead, He told Moses to speak to the rock, and water would come out. When Moses went to the rock, the people were complaining and murmuring so much that he became angry and struck the rock. In spite of disobedience, water flowed from the rock again.

The point God was trying to make was neither that water flowed from rock, nor that Moses disobeyed God in his anger. The point was the rock was Christ or a type of Christ, as stated in the New Testament. How many times did Jesus die for your sins? He suffered on time (Moses was to strike the rock one time), and then, after that, all you do is speak- you just speak and living water flows to you. He was smitten one time; He shed His blood. Now, all you need is the word of your testimony.

E. W. Kenyon said, "The reason the majority of Christians are weak, though they are earnest, is because they never dare to make a confession of who they are in Christ." As a believer, you are a king and a priest, and when you begin to speak from your authority, from your position or office, things begin to happen. Things begin to move and shake, and even if you don't see them moving immediately, it doesn't mean things aren't happening.

Your faith will not prevent mountains, but it will move them out of your life. The devil will try to frame your world with doubt, fear, depression, sickness and poverty, but when you begin to speak to it, that mountain will move. Don't be discouraged when problems come. Being a faith person doesn't mean you won't have problems. It doesn't mean you are going to go through life on a bed of roses, but it does mean that when the problems come, you are able to confront and defeat them with faith in your heart and the Word in your mouth!





Kurian Thomas was pioneer pentecostal missionary to Central India. He hailed from Kerala. In the beginning he was a missionary from the India Pentecostal Church of God but later formed a new organization called the Fellowship of the Pentecostal Churches in India along with other Christian leaders. He authored several books originally in Hindi, English, and Malayalam. He was the pastor of the Pentecostal Church at Itarsi, Founder/Chairman and later Patron of the Fellowship of the Pentecostal Churches in India, and Principal of the Central India Bible College, estd. in 1962 (now Central India Theological Seminary) for several years. He was recipient of several awards for his outstanding contributions in the field of Christian literature, education, and ministry. His book *God's Trailblazer In and Around the World* was his autobiography.

# ഇറ്റാർസി ഡോക്ടർ കുര്യൻ തോമസിനെ ഓർക്കുമ്പോൾ...



**പീരുമേട് ക്ലീറ്റസ്**

2000 ആഗസ്റ്റ് ഇരുപത്തിരണ്ടിന് തന്റെ പ്രീയ സഹോദരൻ മാത്യൂസ് അങ്കിൾ അക്കരെ നാട്ടിലേക്കു യാത്രയായതിനെ തുടർന്ന് ഡോക്ടർ കുര്യൻ തോമസ് വളരെ ദുഃഖത്തിലായിതീർന്നു. കാരണം അവർ ഇരുവരും സഹോദരങ്ങൾ ആയിരുന്നെങ്കിലും ആരെയും അതിശയിപ്പിക്കുന്നതും വിസ്മയിപ്പിക്കുന്നതുമായ ഒരു ബന്ധമായിരുന്നു ഇരുവർക്കുമിടയിൽ ഉണ്ടായിരുന്നത്. ഈ ലേഖകന്റെ പ്രത്യേക താല്പര്യമനുസരിച്ച് അപ്പച്ചൻ നല്കിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചു തയ്യാറാക്കിയ, മാത്യൂസ് അങ്കിളിനെക്കുറിച്ചും തന്റെ ദേഹവിയോഗത്തെക്കുറിച്ചും ശവസംസ്കാരത്തെക്കുറിച്ചുമുള്ള ഒരു ചെറിയ റിപ്പോർട്ട് ഫെലോഷിപ്പ് ചർച്ചിന്റെ കേരളാഘടകത്തിന്റെ ഔദ്യോഗിക മുഖപത്രമായ ഇന്ത്യൻ *മിഷനറി ഹെറാൾഡി*ലേക്ക് തയ്യാറാക്കി അപ്പച്ചനെ ഏല്പിച്ചു. അതോടൊപ്പം ഡോക്ടർ കുര്യൻ തോമസിന്റ 'എന്റെ ജീവിതയാത്രയുടെ അന്ത്യം' എന്ന പേരിൽ ഒരു ലേഖനവും അപ്പച്ചനുവേണ്ടി എഴുതി നല്കി. അപ്പച്ചന്റെ പ്രത്യേക താല്പര്യപ്രകാരം 'ഭാരത സുവിശേഷികരണത്തിന്റെ ആവശ്യകത' എന്ന പേരിൽ ലേഖകന്റെ ഒരു ലേഖനവും കൂടെ അപ്പച്ചൻതന്നെ വാങ്ങി ഇന്ത്യൻ മിഷനറി ഹെറാൾഡിലേക്ക് അയച്ചുകൊടുത്തു. ബൈബിൾ കോളേജ് വിദ്യാർഥി കൂടിയായ ഗ്രന്ഥകാരന്റെ ലേഖനം മഹാനായ ആ വലിയ മനുഷ്യന്റെ ലേഖനത്തിനൊപ്പം ഒന്നു കാണുവാൻ വളരെ ആവലോടെ ഞാൻ കാത്തിരുന്നു. കാരണം അതു തീർച്ചയായും എന്റെ സഹപാഠികളുടെ മുമ്പിൽ എനിക്ക് അഭിമാനം നല്കുന്ന ഒന്നായി ഞാൻ കരുതിയിരുന്നു. പ്രസിദ്ധീകരണത്തിന്റെ സമയം നീണ്ടുപോകുന്തോറും എന്റെ മനസിൽ നിരാശ നിഴലിടുലവാൻ തുടങ്ങി

രണ്ടായിരാമാണ്ടിലെ ഇറ്റാർസി കൺവൻഷനിലെ ഒരുക്കങ്ങൾ വളരെ തകൃതിയായി നടക്കുന്ന ഒക്ടോബർമാസം പത്തൊൻപതാം തീയതി രാവിലെ 6.50 ന് ഡോക്ടർ കുര്യൻ തോമസ് താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. തന്റെ മരണവാർത്ത ലോകത്താകമാനം കാട്ടുതീപോലെ പടർന്നു. തന്നെ അറിയാവുന്നവരുടെയെല്ലാം ഹൃദയം തളർത്തികൊണ്ട് ആ വാർത്ത പരന്നു. വിശേഷാൽ കൺവൻഷനിൽ പങ്കെടുക്കുവാൻ തയ്യാറെടുപ്പിലായിരുന്ന ഫെലോഷിപ്പിന്റെ പ്രവർത്തകർക്കും വിശ്വാസികൾക്കും അത് ഏറെ ദുഃഖം നിൽകിയ വാർത്തയായി മാറി. ഞായറാഴ്ച സന്ധ്യാരാധനയോടെ ആരംഭിക്കുന്ന കൺവൻഷനിൽ പങ്കെടുക്കുവാനായി നേരത്തെതന്നെ കൈവശപ്പെടുത്തിയിരുന്ന ട്രെയിൻ റിസർവേഷൻ ടിക്കറ്റ് റദ്ദാക്കിക്കൊണ്ട് മിക്കവരും ഇറ്റാർസിയിൽ എത്തി. സാധാരണ സ്ഥിരമായി സമാപനകൺവൻഷനിൽ പങ്കെടുക്കുന്നവർ പോലും ഡോക്ടർ കുര്യൻ തോമസിന്റെ ഭൗതിക ശരീരം ഒടുവിൽ ഒരുനോക്കു കാണുവാൻ വേഗത്തിൽ എത്തിചേർന്നു.

ശനിയാഴ്ച സഭയുടെ അനുശോചന സമ്മേളനം നടക്കുന്ന സമയം ഫെലോഷിപ്പു സഭകളുടെ കേരളാസംസ്ഥാനഘടകം കോർഡിനേറ്റർ പാസ്റ്റർ റവ. ജോൺ തോമസ് ഇന്ത്യൻ മിഷനറി ഹെറാൾഡിന്റെ കോപ്പികൾ വിതരണം ചെയ്തു. മലയാളികളായ വായനക്കാരുടെ കൈയ്യിൽ ഹെറാൾഡിന്റെ കോപ്പികൾ വിതരണം ചെയ്തതോടെ അനുശോചന യോഗത്തിന്റെ അന്തരീഷത്തിനുതന്നെ മാറ്റമുണ്ടായി. കാരണം ഒന്നാം പേജിൽ അനുജൻ മാത്യൂസ് അങ്കിളിന്റെ ചരമവാർത്തയും, റിപ്പോർട്ടും, (തെക്കേ ഇന്ത്യയിൽ നിന്നും വടക്കേ ഇന്ത്യയിലേത്തി അക്കരെ നാട്ടിലേക്ക് യാത്രയായി).

ഒടുവിലത്തെ പേജിൽ 'എന്റെ ജീവിതയാത്രയുടെ അന്ത്യം' എന്ന പേരിൽ ഡോക്ടർ കുര്യൻ തോമസിന്റെ ലേഖനവും അനുവാചകർ ഒരുമിച്ചു വായിച്ചപ്പോഴാണ് അതു വെറുമൊരു ലേഖനത്തിലുപരി യാത്രാമൊഴിയായിരുന്നു എന്ന് ഗ്രഹിക്കുവാൻ കഴിഞ്ഞത്. വായനക്കാരായ മലയാളികളിൽ വായിച്ചവർ, വായിച്ചവർ ആ വാർത്ത ഇതരഭാഷക്കാരുമായി പങ്കുവച്ചു. അങ്ങനെ ഓരോ ഹെറാൾഡിന്റെ കോപ്പികൾക്കു മുമ്പിലും യാത്രാമൊഴി വായിച്ചുകേൾക്കാൻ വിവിധ ഭാഷക്കാരായ ജനം തടിച്ചുകൂടി. ഈ ലേഖകനും ഹെറാൾഡിന്റെ കോപ്പി വാങ്ങി വായിച്ചപ്പോൾ അറിയാതെ കരഞ്ഞുപോയി. മാത്യൂസ് അങ്കിളിന്റെ ചരമവാർത്തക്കും ഡോക്ടർ കുര്യൻ തോമസിന്റെ യാത്രാമൊഴിക്കും ഇടയിൽ ഭാരത സുവിശേഷീകരണത്തിന്റെ ആവശ്യകത എന്ന പേരിൽ ലേഖനന്റെ ഒരു ലേഖനവും പ്രസിദ്ധപ്പെടുത്തിയിരുന്നു. ആ മഹാമനുഷ്യന്റെ യാത്രാമൊഴിയായി തീർന്ന ലേഖനത്തോടൊപ്പം എന്റെയും ഒരു സൃഷ്ടി പ്രസിദ്ധപ്പെടുത്തിയപ്പോൾ അതു ഡോക്ടർ കുര്യൻ തോമസിനാൽ എനിക്കു ലഭിച്ച ഒരു അംഗീകാരമായി ഞാൻ കരുതുകയാണ്.

## *ഡോക്ടർ കുര്യൻ തോമസ് അവസാനമായി എഴുതിയ 'എന്റെ ജീവിതയാത്രയുടെ അന്ത്യം' എന്ന ലേഖനം*

ദൈവം ക്രിസ്തുയേശുവിൽ എന്നെ വിളിച്ച സ്വർഗിയ വിളിയുടെ വിരുതിനായി ലക്ഷ്യത്തിലേക്ക് ഓടുന്നു എന്നുള്ള വസ്തുത അപ്പോസ്തോലനെപോലെ തറപ്പിച്ച് എഴുതികൊണ്ടുള്ളതാണ് ഈ ലേഖനം. എന്റെ ജീവിതത്തിലെ ചക്രം ദ്രുതഗതിയിൽ ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്നു. ലക്ഷ്യത്തിലെത്തുവാൻ ഇനിയും അധികം സമയമില്ല. വിശ്വാസകണ്ണുയർത്തി എന്റെ നാടിന്റെ ദൃശ്യം ഞാൻ ദൂരെ നിന്നു വീക്ഷിക്കുന്നു. അറുപത്തിയൊന്നു വർഷത്തെ യാത്ര ഞാൻ പൂർത്തിയാക്കി. അറുപത്തിരണ്ടാമത് വർഷവും തീരുവാൻ കേവലം നാല് മാസം മതിയാകും. അപ്പോൾ തന്നെ എൺപതുകാരൻ എന്നു വിളിക്കപ്പെടുവാൻ ഇടയാകും.

എന്റെ യാത്ര വളരെ വിശേഷമേറിയതാണ്. ഞാൻ രാജകുമാരൻ ആകയാൽ എന്റെ രഥം രാജകീയ വൈഭവത്തോട് കൂടിയതാണെങ്കിലും, എപ്പോഴും രാജകീയ വിതിയിൽ കൂടി മാത്രമല്ല ഇത് ഓടിയിട്ടുള്ളത്. കുണ്ടും കുഴിയും മുള്ളും പറക്കാരയും കാടും മേടും കയറിയിറങ്ങിയ സന്ദർഭങ്ങൾ ഓർക്കുന്നുണ്ട്. ഈ രഥത്തിനുള്ള വിശേഷം ഇതു വെള്ളത്തിൽകൂടിയും തീയിൽകൂടിയും തീജ്വാലയിൽ കൂടിയും ഓടുവാൻ കഴിയുന്നത്ര വാട്ടർപ്രൂഫും ഫയർപ്രൂഫും ആയതിനാൽ യാതൊരു കേടും കൂടാതെ മുമ്പോട്ടുപോകുവാൻ സാധ്യമാകുന്നു. ഈ തേര് തെളിക്കുന്നത് ഞാനല്ല. അവന്റെ പേര് വിശ്വാസത്തിന്റെ നായകൻ എന്നാണ്. ഓടുംതോറും ഇതിനു പഴക്കം സംഭവിക്കുന്നില്ല. ദിനംതോറും പുതുക്കം പ്രാപിച്ചു രൂപാന്തരപ്പെടുന്ന ഈ രഥം വെറുമൊരു മനോരഥമായി കരുതരുത്.

ഹാ! വൈവിദ്ധ്യം നിറഞ്ഞ യാത്രയിൽ വർണ്ണിപ്പാൻ എന്റെ തൂലികയ്ക്കു കഴിയാതെ പോകുന്നു. ഇത്ര വിലപ്പെട്ട ഈ ജീവിതയാത്രയിൽ ഒരു നേരത്തെ ആഹാരം കഴിക്കാതെ എത്ര ദിനങ്ങൾ പിന്നിട്ടു എന്നു പറഞ്ഞാൽ അത്ഭുതം തോന്നാതിരിക്കില്ല. സഞ്ചാരം പഞ്ചസാരമധുരമായി കരുതിയ സമയങ്ങളിൽ പൊടുന്നനവെ കൈപ്പുനീരു കുടിക്കേണ്ടതായി വന്നിട്ടുണ്ട്. പട്ടിണിയിലും പൈദാഹത്തിലും ആടിപ്പാടുവാൻ കഴിയുന്ന ഈ യാത്രപോലെ വേറേ യാത്ര ഏവിടെയുണ്ട്. പിച്ചാത്തിയു വടിയും വാളുമായി ഭീകരന്മാർ നേരിട്ട സന്ദർഭങ്ങൾ, ഭീകരരുടെ ഭീഷണികളുടെ ഘോരശബ്ദങ്ങൾ കർണ്ണപുടങ്ങളിൽ പതിച്ച സന്ദർഭങ്ങൾ, ഒന്നിനുപുറകെ ഒന്നായി കല്ലുകൾ വലിച്ചെറിഞ്ഞ സന്ദർഭങ്ങൾ, ബോംബിട്ടു നശിപ്പിക്കും എന്നുള്ള ഭീഷണികൾ. ഇവയൊന്നും വകവയ്ക്കാതെ എപ്പോഴും ജയോത്സവമായി നടത്തുവാൻ കഴിവുള്ള രക്ഷാനായകനും യുദ്ധവീരനുമായ തേരാളിയിൽ ആശ്രയിച്ചുള്ള യാത്ര സുഖപ്രദം തന്നെ. മരണത്തെ ജയിച്ചവനും ത്രിലോകനായകനുമായ കർത്താവിന്റെ സാന്നിദ്ധ്യം എന്റെ യാത്രയിൽ യാതൊരു ഭീതിയും കൂടാതെ യാത്രചെയ്യുവാൻ ഇടയാക്കുന്നതിൽ ഞാൻ കൃതാർഥനാണ്.

ഈ യാത്രയിൽ; 1972, 76, 83, 93, 96, 99 എന്നീ വർഷങ്ങളിൽ മരണത്തിന്റെ കരാളഹസ്തങ്ങളിൽ അമർന്നു. ബോധരഹിതനായി പല ദിവസങ്ങളിൽ കിടന്നിട്ടുണ്ട്. എങ്കിലും ഞാൻ വീണ്ടും ജീവിച്ചവനെപ്പോലെ യാത്ര ചെയ്യുവാൻ ഇടയായി.

എന്നെ വിളിച്ചവൻ വിശ്വസ്തൻ. എന്നെ ശുശ്രൂഷയ്ക്കു വിളിച്ചവൻ വിവിധ തരത്തിലുള്ള ശുശ്രൂഷകൾ നല്കി. അഞ്ചു വൻകരകളിൽ യാത്ര ചെയ്ത് ഒരു സുവിശേഷകന്റെ ശുശ്രൂഷ നിറവേറ്റി. അൻപത്തിയേഴു വർഷം ഇടയനായും ഉപദേഷ്ടാവായും ശുശ്രൂഷിച്ചു. ഒരു പ്രവാചകനെപ്പോലെ ദൈവത്തിന്റെ അരുളപ്പാട് മൂഖം നോക്കാതെ വിളിച്ചറിയിച്ചു. ദൈവം എനിക്കു നല്കിയ അപ്പോസ്തോലിക ശുശ്രൂഷയ്ക്കായും സ്തോത്രം. ഇരുപത്തിയെട്ടു പ്രാവശ്യം വിദേശയാത്ര ചെയ്തു. വായ്മൊഴിയായും വരമൊഴിയായും ബഹുസഹസ്രങ്ങളോടു സുവിശേഷം അറിയിച്ചു. എനിക്കു ശക്തി നല്കി എന്നെ വിശ്വസ്തനായി പരിഗണിച്ചു തന്റെ ശുശ്രൂഷയ്ക്കു നിയമിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ഞാൻ സ്തുതിക്കുന്നു. നമ്മുടെ കർത്താവിന്റെ കൃപ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തോടും സ്നേഹത്തോടും കൂടെ എന്നിലേക്കു കവിഞ്ഞൊഴുകിയിരിക്കുന്നതിനാൽ കക്ഷിവ്യത്യാസം കൂടാതെ സകല വിശുദ്ധന്മാരേയും ഞാൻ ഉള്ളഴിഞ്ഞ് ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. അപ്പോസ്തോലന്മാർ അല്ലാതെയിരിക്കെ ലക്ഷങ്ങൾ മുടക്കി അപ്പോസ്തോലന്മാരായി തീർന്നിട്ടുള്ള കളളന്മാരെ ശ്രേഷ്ഠ അപ്പോസ്തോലനായ കർത്താവു വെറുക്കുന്നതുപോലെ ഞാനും വെറുക്കുന്നു.

സഭാ ഐക്യത്തിന്റെ പേരിൽ ദൈവസന്നിധിയിൽ ഇല്ലാത്തവരെ കൂട്ടിചേർത്ത് ഐക്യവേദി ഉണ്ടാക്കുന്നവരുടെ മന്ത്രണത്തിൽ നിന്നും ഞാൻ ഒഴിഞ്ഞുനില്കുന്നു. അതേസമയം വിശുദ്ധന്മാരുടെ ഐക്യം എന്റെ മുദ്രാവാക്യം തന്നെ. അനേക കള്ളപ്രവാചകന്മാർ ലോകത്തിലേക്കു പുറപ്പെട്ടിരിക്കുന്നു. ഈ കാലത്ത് വഞ്ചകനും എതിർക്രിസ്തുവുമായവന്റെ ദുഷ്ടാത്മാവ് വളരെ പ്രവർത്തിക്കുന്ന നാം വളരെ സൂഷ്മതയുള്ളവരായിരിക്കേണം. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്കാതെ മറികടന്നു പണത്തിന്റെ പുറകെ ഓടുന്ന ദ്രവ്യാഗ്രഹികളുടെ ദുഷ്പ്രവർത്തികൾക്കു യതൊരു വിധത്തിലും ഞാൻ കൂട്ടാളിയാകുകയില്ല. അവൻ എത്രതന്നെ വലിയവനായാലും അവനോടു കുശലപ്രശ്നംപോലും ചെയ്യരുത്.

നാലുമാസത്തെ യോഗങ്ങൾ ക്രമീകരിച്ചതനുസരിച്ച് ഞാനും പ്രിയ ഭാര്യയും മാർച്ച് മാസം ഇരുപതാം തീയതി അമേരിക്കയിലെ ഡാളസ്സിലെത്തി. എന്റെ പ്രിയ മകൾ ജോയ്സിയും അവളുടെ പ്രിയ ഭർത്താവ് ബാബുകുട്ടിയോടുംകൂടെ ഒരു മാസം താമസിച്ചു. ഡാളസ്സിന്റെ വിവിധ ഭാഗങ്ങളിൽ ഞാൻ ശുശ്രൂഷിച്ചു. അതിനുശേഷം ഏപ്രിൽ മാസം ഒടുവിൽ ഞാൻ ചിക്കാഗോയിലെത്തി. ചിക്കാഗോയിൽ ഞങ്ങളുടെ പ്രിയ മക്കൾ പാസ്റ്റർ ജോർജ് തോമസ്, ഡോ. മാത്യു തോമസ്, ശാമുവേൽ തോമസ് സകുടുംബം താമസിച്ചുപോരുന്നു. അവരുടെ ഭവനങ്ങളിൽ താമസിച്ചുകൊണ്ട് ചിക്കാഗോയുടെ വിവിധ ഭാഗങ്ങളിലെ അമേരിക്കൻ സഭകളിൽ അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷകൾ നിർവഹിച്ചു. അതിനുശേഷം ജൂൺ പതിമൂന്നാം തീയതി ഞങ്ങൾ ഫിലദെൽഫിയായിൽ എത്തി. അവിടെ ഇളയ മക്കളായ ഏബ്രഹാം തോമസും ഡോ. ജേക്കബ് തോമസും കുടുംബമായി ചില വർഷങ്ങളായി താമ

↪5



പാസ്റ്റർ കെ. ജോയി ന്യൂഡൽഹി

# ആത്മീയ ഉയർച്ചയുടെ പടികൾ

**സമൂഹങ്ങളിലും സമുദായങ്ങളിലും സഭാതലത്തിലും എങ്ങനെയെങ്കിലും ഉയർന്ന മണ്ഡലങ്ങളിൽ എത്തിചേരുവാൻ അനേകർ തീവ്രമായി പരിശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ ആത്മീയ ഉയർച്ചയുടെ ചവിട്ടുപടികൾ ഏതെല്ലാമാണെന്നുള്ള വിശദമായ പഠനം ചിലർക്കെങ്കിലും പ്രയോജനമാകും**



'നീതി ജാതിയെ ഉയർത്തുന്നു. പാപമോ വംശങ്ങൾക്ക് അപമാനം' (സദൃശവാക്യങ്ങൾ 14:34)

'ബുദ്ധിമാന്റെ ജീവയാത്ര മേലോട്ടാകുന്നു; കീഴെയുള്ള പാതാളത്തെ അവൻ ഒഴിഞ്ഞുപോകും' (സദൃശവാക്യങ്ങൾ 15:24).

ഈ ലോകം കണ്ടിട്ടുള്ളതിലേക്കും ഏറ്റവും വലിയ ബുദ്ധിമാനായ സോളമൻ രാജാവു രചിച്ച മൂന്നു വിശിഷ്ട ഗ്രന്ഥങ്ങൾ വിശുദ്ധ തിരുവെഴുത്തിലുണ്ട്. സ്വർഗസ്ഥനായ ദൈവത്തിന്റെ നൽവരപ്രസാദം മൂലം ജ്ഞാനികളുടെ ജ്ഞാനി ആയിതീർന്ന ശലോമോന്റെ രചനകളിൽ ഒന്നാമത്തേതും ഏറ്റവും വലിയതുമായ പുസ്തകം സദൃശവാക്യങ്ങളാണ്. പ്രായപരിധിയെന്യേ പദവിപരിധിയെന്യേ ഈ ഭൂമിയിൽ ജീവിക്കുന്ന എല്ലാ വകുപ്പുകാർക്കും പ്രയോജനം ചെയ്യുന്ന പ്രബോധനങ്ങൾ ഈ ഗ്രന്ഥത്തിൽ കാണാം. നന്നാകാനുള്ള വഴിയും നശിക്കാനുള്ള വഴിയും ഈ പുസ്തകത്തിലുണ്ട്. സ്വർഗത്തിലേക്കുള്ള വഴിയും നരകത്തിലേക്കുള്ള വഴിയും ഇതിൽ വരച്ചുകാട്ടിയിട്ടുണ്ട്. ഉയരുവാനുള്ള വഴികളും താഴുവാനുള്ള വഴികളും ഈ പുസ്തകത്തിൽ വിവരിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ഒരുമാസത്തിലെ മുപ്പത്തിയൊന്നു ദിവസങ്ങളിലും വായിച്ചുപഠിക്കത്തക്കതുപോലെ കൃത്യമായി മുപ്പത്തൊന്ന് അദ്ധ്യായങ്ങൾ ഈ ഗ്രന്ഥത്തിനുണ്ടെന്നുള്ളതാണ് ഈ ഗ്രന്ഥത്തിന്റെ മറ്റൊരു സവിശേഷത. ഈ നിസ്തുല ഗ്രന്ഥത്തിന്റെ താക്കോൽവാക്യമായി വേദപഠിതാക്കൾ സൂചിപ്പിക്കുന്നത് പതിനാലാം അദ്ധ്യയത്തിലെ മുപ്പത്തിനാലാം വാക്യമാണ്. അതുപോലെ തന്നെ ഈ ഗ്രന്ഥത്തിന്റെ സാരാംശം മുഴുവൻ 15:24 ൽ ഉണ്ട്. ഈ രണ്ടു വാക്യങ്ങളാണു മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.

നിലവിലിരിക്കുന്ന സാഹചര്യങ്ങളിൽ നിന്നും ഉയർച്ച പ്രാപിക്കണം എന്ന ചിന്ത ദൈവസൃഷ്ടിയുടെ മകുടമായ മനുഷ്യനു മാത്രമുള്ള ഒരു സവിശേഷതയാണ്. വസ്ത്രങ്ങൾ സൗജന്യമായി ലഭിച്ചാലും അതു ധരിച്ചു നഗ്നത മറയ്ക്കണം എന്ന ചിന്ത മൃഗങ്ങൾക്കില്ല. ആഹാരം, പാർപ്പിടം, ഇത്യാദി വിഷയങ്ങളിലും യാതൊരു പുതുക്കവും ഇത്തരം ജീവജാലങ്ങൾ ആഗ്രഹിക്കുന്നില്ല. എന്നാൽ സൃഷ്ടികളിൽ ശ്രേഷ്ഠനായ മനുഷ്യൻ ശിലായുഗത്തിൽ നിന്നും ചന്ദ്രയുഗത്തിലേക്ക് ഉയർന്നു കഴിഞ്ഞു. ഗവേഷണങ്ങളിലും ആവിഷ്കാരങ്ങളിലും വിജ്ഞാന സമ്പാദനത്തിലും അവൻ ഇന്നും ഉയർന്നുകൊണ്ടിരിക്കുന്നു.

പുതിയനിയമ തിരുവെഴുത്തുകളിൽ പ്രധാന കഥാപാത്രമായ പൗലോസ് അപ്പൊസ്തലൻ ജ്ഞാനത്തെ രണ്ടായി തരംതിരിച്ചിരിക്കുന്നു. ഒന്നാമത്തേത്, ഈ ലോകത്തിന്റെ പ്രഭുക്കന്മാരുടെ ജ്ഞാനവും രണ്ടാമത്തേത്, ദൈവം ലോകസൃഷ്ടിക്കു മുമ്പേ നമ്മുടെ തേജസിനായി മുൻനിയമിച്ചതും ഈ ലോകത്തിലെ ജ്ഞാനികൾക്കു മറഞ്ഞിരിക്കുന്നതുമായ ദൈവിക ജ്ഞാനവും അത്രേ (1 കൊരി. 2:6-8). ആത്മിക ജീവിതത്തിൽ ഉന്നതമായ നിലവാരത്തിൽ എത്തിച്ചേരുവാനുള്ള അനിവാര്യഘടകങ്ങളെപ്പറ്റിയുള്ള വിചിന്തനം നമുക്കു വളരെ പ്രയോജനം ചെയ്യും. സമൂഹങ്ങളിലും സമുദായങ്ങളിലും സഭാതലത്തിലും എങ്ങനെയെങ്കിലും ഉയർന്ന മണ്ഡലങ്ങളിൽ എത്തിചേരുവാൻ അനേകർ തീവ്രമായി പരിശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ ആത്മീയ ഉയർച്ചയുടെ ചവിട്ടുപടികൾ ഏതെല്ലാമാണെന്നുള്ള വിശദമായ പഠനം ചിലർക്കെങ്കിലും പ്രയോജനമാകും എന്നു ഞാൻ കരുതുന്നു. അതത്രേ ഈ എളിയ ഗ്രന്ഥത്തിന്റെ സാരാംശം.

**1. നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും ഉള്ള ഉയർച്ച ( സങ്കീർത്തനം 40:1-3)**

പാപത്തിന്റെ നാശക്കുഴിയിൽ ആണ്ടുപോയ നരനു കാരുണ്യസമ്പന്നനായ ദൈവം നല്കുന്ന വിമോചനത്തിന്റെ ചിത്രം ഈ വാക്യങ്ങളിൽ കാണാം. ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ഈ ലോകത്തിലേക്കു കടന്നു. എല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായി തീർന്നിരിക്കുന്നു എന്ന് തിരുവെഴുത്തിൽ കാണുന്നു. ഭൂമിയിലുള്ള സകല പാപികളെയും രക്ഷിപ്പാനാണ് യേശുക്രിസ്തു ക്രൂശിൽ മരിച്ചത്. മനുഷ്യവർഗത്തിന്റെ പാപപരിഹാരത്തിനായി യേശു ക്രൂശിൽ മരിച്ചു എങ്കിലും വിശ്വാസത്തോടും അനുതാപത്തോടും തിരുസന്നിധിയിലേക്കു വരുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയൂ. രക്ഷയ്ക്കായി കാംഷിക്കുന്നവനെ ഞാൻ അതിൽ ആക്കും എന്നു സങ്കീർത്തനം 12:5 ൽ കാണുന്നു. നമ്മുടെ വിചിന്തന വാക്യത്തിൽ അവനെന്റെ നിലവിളി കേട്ടു എന്ന പ്രയോഗം ശ്രദ്ധിക്കുക. നിലവിളിക്കുന്നവർക്കു കർത്താവ് പാപത്തിന്റെ കുഴിയിൽ നിന്നും ഉയർച്ച നൽകുകയും അവരുടെ പാദങ്ങളെ പാറമേൽ ഉറപ്പിക്കുകയും ചെയ്യുന്നു.

**2. തിരുവചനം അനുസരിച്ചാൽ ഉയർത്തപ്പെടും**

ഞാൻ ഇന്നു നിന്നോട് ആജ്ഞാപിക്കുന്ന നിന്റെ ദൈവമായ യഹോവയുടെ കല്പനകൾ കേട്ടു പ്രമാണിച്ചു നടന്നാൽ യഹോവ നിന്നെ വാലല്ല തലയാക്കും. നീ ഉയർച്ചതന്നെ പ്രാപിക്കും താഴ്ച പ്രാപിക്കുകയില്ല. അത്യുന്നതനായ ദൈവത്തിൽ നിന്നും നമുക്കു ലഭിച്ച അത്യുത്തമ ദാനമാണ് വിശുദ്ധ വേദപുസ്തകം. അതിലെ കല്പനകൾ നാം അനുസരിക്കുവാൻ മനസുവെച്ചാൽ ദൈവം നമ്മെ ഉയർത്തും. ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്ന ദൈവപുത്രനെ, ദൈവം ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നൽകി എന്നു ഫിലിപ്പിയർ 2:5 മുതൽ 10 വരെ യുള്ള വാക്യങ്ങളിൽ കാണുന്നു. ക്രിസ്തു പരമ വിശുദ്ധനായിരുന്നു. എങ്കിലും ഗലീലയിൽ നിന്നും യോർദ്ദാൻനദിവരെ നടന്നുവന്ന് ജലസ്നാനം ഏല്കുവാൻ ഇടയായത് നമുക്കെല്ലാവർക്കും ഒരു മാതൃകയാണ്. ഞാനെന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ചു അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും എന്ന് എഴുതിയിരിക്കുന്ന വചനവും ഈ സത്യത്തെ തെളിയിക്കുന്നു (യോഹന്നാൻ 15:10). ഇനിയും നമ്മുടെ ശ്രദ്ധ മത്തായി 5:19 ലേക്കു തിരിയട്ടെ. ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്ന് അഴിക്കുകയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും. ദൈവജനത്തെ നടത്തുന്നവൻ അവരെ തെറ്റിച്ചുകളയുന്നു എങ്കിൽ ദൈവം അവരെ തൽസ്ഥാനത്തുനിന്നും മാറ്റി വാലിന്റെ സ്ഥാനത്തു എത്തിക്കും എന്നു യെശയ്യാവ് 9:15, 16 വാക്യങ്ങളിൽ നിന്നും മനസിലാക്കാവുന്നതാണ്.

**3. യഹോവയെ കാത്തിരുന്നു ശക്തിയെ പുതുക്കിയാൽ നീ കഴുകനെപ്പോലെ ചിറകടിച്ചുയരും**

ആത്മീയ ജീവിതത്തിൽ യൗവനം കഴുകനെപ്പോലെ പുതുകിവരണം എങ്കിൽ യഹോവയെ കാത്തിരുന്നു ശക്തയെ പുതുക്കണം (സങ്കീർത്തനം 40:30,31). പരിശുദ്ധാത്മാവിന്റെ അത്യന്ത ശക്തി നമ്മുടെ കൂടാരങ്ങളിൽ വ്യാപരിക്കുന്നു എങ്കിൽ പ്രതികൂലങ്ങളെ അതിജീവിച്ചു വിജയകരമായ നിലയിൽ ക്രിസ്തീയ ജീവിതം നയിക്കാൻ കഴിയും (2 കൊരി.4:7-10). എല്ലാറ്റിലും ഉപരി നമ്മെ ലോകസുവിശേഷികരണത്തിനു പ്രാപ്തരാക്കുന്നതു പരിശുദ്ധത്മാവിന്റെ ശക്തിയത്രേ (അപ്പൊ. പ്രവൃ.1:8; കൊലൊ.1:28, 29). ജീവനുള്ളവൻ എന്നു നിനക്കു പേരുണ്ടെങ്കിലും നീ മരിച്ചവനാകുന്നു എന്നു സർദ്ദീസ് സഭയ്ക്കുള്ള ദൂതിൽ കാണുന്നു (വെളി.3:1,2). അനുസരണക്കേടിൽ ദുരാത്മാവിന്റെ ശക്തിയാണു വ്യാപരിക്കുന്നത് (എഫെ. 2:2). സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന് ദൈവം അവർക്കു ഭോഷ്കു വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു എന്നു നാം കാണുന്നു (2 തെസ്സ.1: 11,12). ഇപ്രകാരമുള്ള ചതിയിൽ അകപ്പെടാതിരിപ്പാൻ യഹോവയെ കാത്തിരുന്നു ശക്തിയെ പുതുക്കുക. അങ്ങനെ ആത്മീയ ജീവിത്തിൽ ഉയർച്ച പ്രാപിക്കും.

**4. ദൈവത്തോടു പറ്റിനിൽക്കുന്നു എങ്കിൽ നാം ഉയർത്തപ്പെടും (സങ്കീർത്തനം 91:14).**

'അവൻ എന്നോടു പറ്റിയിരിക്കുകയാൽ ഞാൻ അവനെ വിടുവിക്കും; അവൻ എന്റെ നാമത്തെ അറിയുകയാൽ ഞാൻ അവനെ ഉയർത്തും'. അത്യുന്നതന്റെ മറവിൽ വസിക്കുകയും സർവശക്തന്റെ നിഴലിൻ കീഴിൽ പാർക്കുകയും ചെയ്യുന്നവർക്കുള്ള അനുഗ്രഹങ്ങളാണ് 91-ാം സങ്കീർത്തനത്തിൽ വിവരിച്ചിരിക്കുന്നത്. ദൈവം നമുക്കു നൽകുന്ന ദാനങ്ങളോടല്ല ദൈവത്തോടു പറ്റിനിൽക്കുവാൻ നാം ഉത്സാഹിക്കണം. ജീവിതത്തിൽ സകലതും നഷ്ടപ്പെട്ടു എങ്കിലും ഇയ്യോബ് ദൈവത്തോടു പറ്റിനിന്നു. ആകയാൽ അവന് നഷ്ടമയാതൊക്കെയും ഇരട്ടിയായി ലഭിച്ചു. അവൻ എന്നെ കൊന്നാലും ഞാൻ അവനായി കാത്തിരിക്കുമെന്നും എന്റെ വീണ്ടെടുപ്പുകാരൻ ജീവിച്ചിരിക്കുന്നു, അന്യനല്ല സ്വന്ത കണ്ണുകൊണ്ടുതന്നെ ഞാൻ അവനെ കാണുമെന്നുമുള്ള തീരുമാനം വലിയ വിജയത്തിലെത്തി. ഇയ്യോബ് 13:15; 19:2527; 42:12 എന്നീ വാക്യങ്ങൾ കാണുക. മറ്റുള്ളവരെക്കാൾ വ്യത്യസ്തമായ ഒരു പ്രകൃതി കാലേബിനുണ്ടായിരുന്നതുകൊണ്ടും അവൻ യഹോവയോടു പറ്റി നിന്നതുകൊണ്ടും ദൈവം അവനെ അനുഗ്രഹിച്ചു. ദൈവത്താൽ ഉയർത്തപ്പെടണമെങ്കിൽ അവനോട് അഭേദ്യമായ ബന്ധം പുലർത്തണം.

**5. തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും (മത്തായി 23:12)**

ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നല്കുന്നു (യക്കോബ് 4:6). ദൈവസന്നിധിയിൽ സ്വയം താഴ്ത്തുവാൻ മനസില്ലാതെ അഹങ്കരിച്ചവരും, സമൂഹത്തിൽ ഉയർന്ന നിലവാരത്തിൽ എത്തുവാൻ ആഗ്രഹിച്ചു തന്ത്രങ്ങൾ ഉപയോഗിച്ചവരും ദയനീയമായ നിലയിൽ പരാജയപ്പെട്ടുപോയ ചരിത്രം ബെബിളിൽ കാണുന്നുണ്ട്. അതുകൊണ്ട് ദൈവം തക്കസമയത്തു നമ്മെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണിരിപ്പാനുള്ള പ്രബോധനം പത്രൊസ് നൽകുന്നു (1 പത്രൊസ് 5:8).

# Resist

## THE WORLDLY PASSIONS

Prof. John Mammen, Venmony,
(Soul Winners India Bethel Bible Seminary,)




IN the beginning of time, God created heavens and earth, and everything in it and found that it was very good (Gen 1:3). God entrusted the whole creation in the hands of man and said "rule over". Adam was expected to take care of it in a responsible manner. He was the representative of God in this world because he was created in the image and likeness of God. But, he committed sin by disobeying God's command. Thus, evil entered into the creation. God said to Adam "cursed is the ground because of you" (Gen 3:7).

The evil one entered into the creation. Before sinned, Adam was the son of God (Lk 3:38). But after sinning, he became the slave of the evil one. Whatever entrusted with Adam came under the control of Satan, when he defeated Adam. Thus, Satan established his kingdom here. He is said to be the ruler of the kingdom of the air (Eph 2:2).

When Jesus Christ was in this world, the devil showed Jesus all the kingdoms of this world, with their splendours. The devil told Jesus "I will give you all their authority and splendor for it has been given to me" (Lk 4:6). Jesus Christ did not object Satan's claim. The devil did not claim that he is the owner of all these, but says that all these are given to him.

The Bible says about two kingdoms, the kingdom of God and the kingdom of Satan. This is revealed in the Bible. One day, one demon possessed man was brought to Jesus. He was blind and mute. Jesus drove out the evil spirit from him. Immediately he was healed. He could see and talk. All people were astonished. They said "could this man (Jesus) be the son of David, could this man be Messiah (Mt 12:23). When the Pharisees heard it, they said that Jesus drove out demon with the help of the prince of demons. Jesus replied 'every kingdom divided itself will be ruined. If satan drives out satan, how his kingdom can stand'. Here, Jesus says that satan has a kingdom. It is not a divided one, but a united one. In verse 28 Jesus says "if I drove out demons by the spirit of God, then the kingdom of God has come up on you". Here, Jesus says about the kingdom of God. Thus, in this passage, Jesus says about two kingdoms, the kingdom of satan and the kingdom of God.

> **WORLDLINESS IS DANGEROUS. A MAN CANNOT LOVE GOD AND THE WORLD AT ONE TIME. HE WHO LOVES AND CONFORM TO THE WORLD IS AT AN ENMITY WITH GOD.**

Colossians 1:13 says about two authorities. The Greek word 'excusia' is used here which means authority. It says that we are rescued from the authority of darkness and placed in the kingdom of the son of God. Satan is the prince of darkness. Once we were there. But, God rescued us from there. Now, we are in the kingdom of the son of God.

In order to mark the realm of satan in the earth, the word 'world' is used. The Bible says that the world lies in the power of the evil one (1 Jn 5:19). In 2 Cor 4:4, Paul says that satan is the god of this age. In Jn 14:30 Jesus says that satan is the prince of this world.

The word is in the grip of satan. Once we were also under his hands. But God rescued us. We are chosen from the world. Therefore, we are not under the control of satan. As satan is the leader of the world, we must have a separation from the world. The Bible gives warning in this regard "do not conform any longer to the pattern of this world" (Rom 12:2). Do not love the world or anything in the word. If anyone loves the world, the love of the Father not in him. For everything in the world –the cravings of sinful man, the lust of his eyes and the boasting of what he has and does- comes not from the Father, but from the world. The world and its desires pass away but the man who does the will of God lives forever" (1 Jn 2:15-17). "You, adulterous people, don't you know that friendship with the word is enmity towards God? Anyone who chooses to be a friend of the world becomes an enemy of God" (James 4:4). "No one can serve two masters. Either he will hate the one and love the other or he will be devoted to the one and despise the other. You cannot save both God and money (Mt 6:24).

Jesus Christ said to his disciples that they do not belong to the world (Jn 15:19). On the day of Pentecost, Peter preached about the need of separation, "save yourselves from this corrupt generation" (Acts 2:40). Paul says that the same things in Philippians 2:14. A child of God should always be aware of this.

Worldly people will do many things. But, we cannot do such things, lust of flesh, lust of eyes and pride of life come from the world. The people of the world may be addicted to these things. But, we cannot even think of it.

Worldliness is dangerous. A man cannot love God and the world at one time. He who loves and conform to the world is at an enmity with God. As the citizens of the kingdom of God, we should always keep separation from the kingdom of darkness.

⮌3

## ഡോക്ടർ കുര്യൻ തോമസിനെ ഓർക്കുമ്പോൾ...

സിച്ചുപോരുന്നു. എന്റെ ശരീരത്തിന്റെ അസ്വസ്ഥത നിമിത്തം ക്രമീകരിക്കപ്പെട്ടിരുന്ന പല മീറ്റിംഗുകളും ക്യാൻസൽ ചെയ്യേണ്ടിവന്നു. ഹൃദയശസ്ത്രക്രിയയ്ക്കായ് വിദഗ്ദന്മാരായിരിക്കുന്ന ഡോക്ടർമാരുടെ പരിശോധനയ്ക്കു വിധേയപ്പെട്ടതിനാൽ എന്റെ ഹൃയത്തിന്റെ അവസ്ഥയെക്കുറിച്ച് അറിയുവാൻ ഇടയായി. ഹാർട്ടിന് കൂടെക്കൂടെ വേദനയുണ്ടായിട്ടും ഫിലദൽഫിയായിലും ന്യൂയോർക്കിലും ചില യോഗങ്ങളിൽ ശുശ്രൂഷിക്കുവാൻ കർത്താവ് കൃപ നൽകി. ആഗസ്റ്റ് പന്ത്രണ്ടാം തീയതി ഞങ്ങളെ സഹായിപ്പാനായി വളരെ അത്ഭുതമാം വിധത്തിൽ ഞങ്ങളുടെ പ്രിയ മകൻ ഡോക്ടർ മാത്യു തോമസിനെ ദൈവം ഡെൻമാർക്കിലെ കോപ്പൻഹേഗൻ വിമാനത്താവളത്തിലെത്തിച്ചു. അവിടെന്നിന്നുള്ള യാത്രയിൽ അവൻ കൂടെയുണ്ടായിരുന്നതുകൊണ്ട് യാത്രയ്ക്കു വളരെ സഹായകമായിരുന്നു.

2000-മാണ്ട് ദുഃഖത്തിന്റെ ആണ്ടായിട്ടാണ് ഞങ്ങൾ വിശേഷിപ്പിക്കുന്നത്. എന്റെ പ്രിയ മൂത്ത സഹോദരി ഏപ്രിൽ മാസം കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. കൂടാതെ ഇളയ പ്രിയ മരുമകൻ (സാലിയുടെ) പ്രിയ മാതാവും പിതൃവ്യ പുത്രന്റെ പ്രിയ ഭാര്യയും മഹത്വത്തിൽ പ്രവേശിച്ചു. എന്റെ പ്രിയ സഹോദരൻ (വി. റ്റി. മാത്യൂസ്) ആഗസ്റ്റ് ഇരുപത്തിരണ്ടാം തീയതി രാത്രി പത്തു നാല്പത്തിയഞ്ചിന് ഞങ്ങളെ വളരെ ദുഃഖത്തിലാഴ്ത്തി കർത്തൃസന്നിധിയിൽ കരേറിപ്പോയി. അവന്റെ വിയോഗം കുടുംബത്തിനു മാത്രമല്ല ഇന്ത്യയിലെ വേലയ്ക്കും ഒരു തീരാനഷ്ടമായി തീർന്നിരിക്കുന്നു.

എന്റെ ജീവിതയാത്രയുടെ അന്ത്യത്തിൽ ആഞ്ഞടിക്കുന്ന ദുഃഖത്തിന്റെ ശീതകാലങ്ങൾ അനുഭവിപ്പാൻ ദൈവത്തിന്റെ പ്രത്യേകമാർന്ന തലോടലിന്റെ ചൂടുനിമിത്തം മാത്രമേ കഴിയുന്നുള്ളു. എന്റെ ഹൃദയത്തിൻ പലവിധ അവരോധമുള്ളതിനാൽ ഏതു നിമിഷവും ഈ ലോകത്തുനിന്നും വിടപറയുവാൻ സാധ്യതയുണ്ട്. ഡോക്ടർമാർ എന്നെ കൈവിട്ടിരിക്കുകയാണ്. വൈദ്യശാസ്ത്രത്തിന് ഇനിയും ഒന്നുമേ ചെയ്യുവാൻ കഴിയകയില്ല. സൗഖ്യദായകന്റെ ചിറകിൻകീഴിൽ ഞാൻ ഓരോ നിമിഷവും എണ്ണിയെണ്ണി കഴിയുന്നു. മുമ്പെ മുമ്പെ പോയിടുന്നോർ ഭാഗ്യമുള്ളവർ, ജീവിക്കുന്നത് എനിക്കു ക്രിസ്തുവും മരിക്കുന്നതു എനിക്കു ലാഭവുമത്രേ. എത്ര നാൽ ജീവിച്ചു എന്നുള്ളതല്ല എങ്ങനെ ജിവിച്ചവെന്നുള്ളതാണ് കണക്കിലെടുക്കേണ്ടത്.

എന്റെ ജീവരഥം പൊടുന്നനവെ അതിശയകരമായി സ്വർഗത്തിലേക്കുയരും. ഈ ലോകത്തിലെ എന്റെ യാത്രയ്ക്കു പൂർണ്ണവിരാമം ഇടുന്ന സമയമായിരിക്കുകയാണ്. സ്വർഗസ്ഥലങ്ങളിൽ സർവശക്തിയുള്ള കർത്താവ് പരിശുദ്ധൻ... പരിശുദ്ധൻ... എന്നുള്ള ആർപ്പുവിളി ഞാൻ കേൾപ്പാൻ ഇടയാകും. കർത്താവും ദൈവവുമായവന് മഹത്വവും ബഹുമാനവും ശക്തിയും സ്തോത്രവും ഉണ്ടാകട്ടെ എന്നു ഞാൻ ഉദ്ഘോഷിച്ചുകൊണ്ട് അസംഖ്യം വിശുദ്ധന്മാരുമായി ഒരുമിച്ച് യുഗായുഗം വസിക്കുന്ന ആ മനോഹരഭാവിയെ ഓർക്കുമ്പോൾ ഈ ലോകത്തിലെ കഷ്ടവും ദുഃഖവും ലഘുനേരത്തേയ്ക്കു മാത്രമാണെന്നു ഞാൻ തറപ്പിച്ചെഴുതികൊണ്ട് ഈ ലേഖനം സമാപിക്കുന്നു.

# നമ്മുടെ പ്രവർത്തികളുടെ പ്രത്യാഘാതങ്ങൾ

ട്രെയ്സി പീറ്റേഴ്സൻ



ആഗസ്റ്റ് മാസത്തിലെ ഒരു അപാരാഹ്നത്തിൽ വിമാനം കാത്തു ഞാൻ വിമാനത്താവളത്തിൽ ഇരിക്കുകയായിരുന്നു. ആളുകളെ ശ്രദ്ധയോടെ നിരീക്ഷിക്കുന്ന എന്റെ ഇഷ്ടവിനോദത്തിൽ ഞാൻ ഏർപ്പെട്ടിരിക്കുമ്പോൾ ദർശിച്ച ഒരു രംഗം, അതിനുശേഷം മാറാതെ എന്നെ അലട്ടികൊണ്ടിരിക്കുന്നു.

യാത്രക്കാരുടെ കാത്തിരിപ്പുസ്ഥലത്തിന്റെ ഒരു വശത്ത് ഒരു സ്ത്രീ രണ്ടു കുട്ടികളുമായി നില്കുന്നു. പന്ത്രണ്ടോ, പതിമൂന്നോ വയസ്സ് മതിക്കാവുന്ന ഒരു ബാലനും പത്തിൽ കവിയാതെ പ്രായമുള്ള ഒരു പെൺകുട്ടിയും, യാത്രയ്ക്കുവേണ്ടി സാധനങ്ങൾ അടങ്ങുന്ന സഞ്ചിയും പുറത്തുതൂക്കി കമ്പിളി ഉടുപ്പും ഇട്ട് ആ സ്ത്രീയുമായി സംസാരിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ഇടതുവശത്ത് പത്തോ പന്ത്രണ്ടോ അടി അകലത്തിൽ സാഹചര്യങ്ങൾ ശ്രദ്ധാപൂർവം നിരീക്ഷിച്ചുകൊണ്ട്, എങ്കിലും അതിലൊന്നും ഇടപെടാതെ പ്രകടമായ നിസ്സംഗതയോടെ ഒരു മനുഷ്യൻ നിൽക്കുന്നുണ്ടായിരുന്നു. വിചിത്രമായ ആ ലഘുനാടകത്തിൽ അയാൾക്ക് എന്തോ ഒരു പങ്കുണ്ടെന്ന് അനായാസം എനിക്കു മനസിലാക്കാൻ കഴിഞ്ഞെങ്കിലും, എന്തുകാരണത്താലോ ആ വിടവാങ്ങൽ ചടങ്ങിൽ യാതൊരു പങ്കാളിത്വവും അയാൾക്കുണ്ടായിരുന്നതായി തോന്നിയില്ല.

എന്നാൽ വാസ്തവത്തിൽ എന്റെ ശ്രദ്ധയെ പിടിച്ചുപറ്റുകയും, അസ്ഥാനത്തു വലിഞ്ഞു കയറി ചെന്നതുപോലൊരു പ്രതീതി എന്നിലുളവാക്കിയതും, ആ സ്ത്രീയുടെയും, ചെറിയ പെൺകുട്ടിയുടെയും കണ്ണീരായിരുന്നു. അവർ വെറുതെ കരയുക മാത്രമായിരുന്നില്ല, വിങ്ങിവിങ്ങി തേങ്ങുകയായിരുന്നു. ഹൃദയഭേദകമായ ആ രോദനം ആത്മാവിലേക്കും സന്ധിമജ്ജകളിലേക്കും നുഴഞ്ഞുകയറുന്നതായിരുന്നു. നിഷ്കൃഷ്ടമായ ആത്മസംയമനം പുലർത്തുവാൻ ബാലൻ യത്നിച്ചിരുന്നു. എന്നാൽ ആ സ്ത്രീ അവനോടു സംസാരിച്ചപ്പോൾ അവന്റെ അധരങ്ങൾ വിറയ്ക്കുന്നത് എനിക്കു കാണാമായിരുന്നു.

അവൾ കരുണാർദ്രമായി കൈനീട്ടി അവരുടെ മുഖം തടവി. അവർ അവളുടെ അമ്മയാണെന്ന് ഞാൻ ഗ്രഹിച്ചു. ആഴമേറിയ വൈകാരിക ബന്ധമുള്ള ഒരു മാതാവിനെപ്പോലെ മറ്റാർക്കും ഒരു പൈതലിനെ സ്പർശിക്കാനാവില്ല. അവൾ വിലപിക്കുകയും വീണ്ടും അവരെ തലോടുകയും അവരുമായി ആലിംഗനം നടത്തുകയും ചെയ്തശേഷം, മാറിനിന്ന് വീണ്ടും സംസാരിക്കുകയും ചെയ്തു. അവൾ അവരോടും അവർ അവളോടും ഒട്ടിചേർന്നു. ആ സമയമെല്ലാം ആ മനുഷ്യൻ നിരീക്ഷകനെപ്പോലെ മാത്രമായിരുന്നു. ഞാനും അങ്ങനെ തന്നെ.

യാത്രയുടെ മുന്നറിയിപ്പ് അധികൃതർ വിളിച്ചറിയിച്ചു. ആ സ്ത്രീയുടെ മുഖം ഞാൻ ദർശിച്ചു – പരിഭ്രാന്തിയോടടുത്ത ഉത്കണ്ഠ അവളുടെ മുഖത്ത് ദൃശ്യമായിരുന്നു. കുട്ടികളെ തങ്കലേക്കു ചേർത്തുനിർത്തി താൻ അവരെ സ്നേഹിക്കുന്നു എന്ന്, മുമ്പെത്തേക്കാൾ ഉച്ചത്തിൽ ഗദ്ഗദത്തോടെ ആ സ്ത്രീ കുട്ടികളോടു പറഞ്ഞു. ചെറുബാലികയ്ക്ക് പിടിച്ചു നില്കാനായില്ല. ബാലനും തകർന്നുപോയി. അവന്റെ ഹൃദയത്തിലെ തുറന്ന മുറിവുകൾ മുഖത്തു രൂപപ്പെട്ടത് ഞാൻ ശ്രദ്ധിച്ചു.

വിമാനകമ്പനിയുടെ ഒരു പ്രതിനിധി മുന്നോട്ടുവന്നു. കുട്ടികളെ താൻ സുഭദ്രമായി സൂഷിച്ചുകൊളളാമെന്ന് ആ ഉദ്യോഗസ്ഥ, സൗമനസ്യ സമ്പന്നമായ സഹാനുഭൂതിയോടെ ആ അമ്മയ്ക്ക് ഉറപ്പുനല്കി. അവസാന ചുംബനത്തിനും ആശ്ലേഷണത്തിനും അവസരം നൽകിയ ശേഷം യൂണിഫോം ധരിച്ച ആ മഹതി കുട്ടികളെ വിമാനത്തിലേക്കു നയിച്ചു. വിക്ഷുബ്ധരായ കുട്ടികൾ ഇടയ്ക്കിടെ അമ്മയുടെ അടുത്തേക്ക് ദൃഷ്ടി പായിച്ചുകൊണ്ട് വ്യോമയാനത്തിലേക്കു നീങ്ങി. അകലം അവരെ വേർപ്പെടുത്തവേ ആ വിടവ് നികത്താനെന്നവണ്ണം മാതാവ്, കുട്ടികൾക്ക് യാത്രാശിസ്സായി കൈവീശി.

അവർ പൊയ്ക്കഴിഞ്ഞു.

ആ മനുഷ്യൻ മുന്നോട്ടു വന്നു. സംഭ്രാന്തയായ സ്ത്രീ അയാളുടെ കരങ്ങളിലേക്കു കുഴഞ്ഞു വീണു. അപ്പോഴേക്കും എല്ലാവരുടെയും ശ്രദ്ധ അവരുടെ നേരേയായി. ആ രംഗം ഞങ്ങളെയെല്ലാം മാസ്മരിക വലയത്തിലാക്കി. ഇവിടെ സംഭവിച്ചതെന്താണ്? പ്രത്യക്ഷത്തിൽ ആ സ്ത്രീ വളരെ സ്നേഹിച്ചിരുന്ന കുട്ടികളിൽ നിന്ന് അവർ വേർതിരിക്കപ്പെട്ടതെന്തുകൊണ്ട്?

സ്ഫടികം കൊണ്ട് അടച്ചുകെട്ടിയ നീണ്ട ജനാലകളുടെ വഴിയിലൂടെ അവൾ നടന്നു നടന്നു നീങ്ങിയത് ഞാൻ ജിജ്ഞാസയോടെ ശ്രദ്ധിച്ചു. കുട്ടികളെ ഏതെങ്കിലും വിധത്തിൽ വീണ്ടും സ്പർശിക്കുവാൻ കഴിഞ്ഞേക്കുമെന്നപോലെ അവൾ ജനൽകണ്ണാടിയിൽ കൈയമർത്തി. അവളുടെ തോളിൽ തടവിക്കൊണ്ട് ആ മനുഷ്യൻ അവളുടെ പിന്നിൽ നിൽക്കുകയായിരുന്നു. അവളുടെ ഹൃദയം ആ വിമാനത്തിന്മേലായിരുന്നു എന്ന് അയാൾ നന്നായി അറിഞ്ഞിരുന്നെന്ന് തോന്നി.

ആ സാഹചര്യത്തിന്റെ സമയത്തെക്കുറിച്ച് ഞാൻ ശരിയായി ആലോചിച്ചു. ആഗസ്റ്റു മാസത്തിന്റെ അവസാനമായിരുന്നു അത്. അവധി കഴിഞ്ഞ് വിദ്യാലയം ആരംഭിക്കേണ്ട സമയം. അല്പം നീളുന്ന കാലത്തേക്ക് ആ കുട്ടികൾ അമ്മയിൽ നിന്ന് അകന്ന് ദൂരെ ദിക്കിലേക്കുപോകുകയായിരുന്നു എന്ന് സ്പഷ്ടമായിരുന്നു. വർഷത്തിന്റെ അത്തരമൊരു സമയം സ്കൂൾ കുട്ടികളെ അവധി ചിലവിടാൻ വിമാനത്തിൽ ആരെങ്കിലും കയറ്റി അയയ്ക്കുമോ? കൂടാതെ ആ കുട്ടികളുടെ വേദനയോടുകൂടിയ രോദനവും വിഷാദാത്മകതയും വല്ല്യമ്മച്ചിയുടെ അടുത്തേയ്ക്കുള്ള ഉല്ലാസപ്രദമായ ഒരു ഹ്രസ്വയാത്ര അല്ലായിരുന്നു അത് എന്നു പ്രകടമായിരുന്നു. അവർ വീടു വിട്ടു പോകുകയായിരുന്നു.

അവർ ആരെന്നോ, എവിടേക്കു പോകുകയായിരുന്നെന്നോ തീർച്ചയായും എനിക്ക് അശേഷം അറിവില്ലായിരുന്നു. ആ ചെറിയകുടുംബം ചിന്നഭിന്നമാക്കപ്പെട്ടത് എന്തുകൊണ്ടാണെന്ന് എനിക്കറിഞ്ഞുകൂടാ. ഒരുവേള കുട്ടികൾ പിതാവിനോടൊപ്പം ആയിരുന്നിരിക്കണം വസിച്ചിരുന്നത്. ആ സ്ത്രീയെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന മനുഷ്യന്, ആ കുട്ടികളുടെ ജീവിതത്തിൽ തുലോം ലഘുപങ്കുമാത്രമേ ഉണ്ടായിരുന്നുള്ളു എന്നു വ്യക്തമാണ്. അവർ സ്ഥലം വിടുന്നതിനു മുമ്പ് അയാൾ മുമ്പോട്ടു വന്നില്ല. അവർക്ക് യാത്രാമംഗളങ്ങൾ നേരുവാൻ കൈവീശുകപോലും ചെയ്തില്ല.

അവരുടെ പശ്ചാത്തലം എന്തെന്ന് സൂഷ്മമായി ഗ്രഹിക്കുവാൻ എനിക്കാവില്ല. എന്നാൽ മുൻകാല നടപടികളുടെ അനന്തരഫലമായിരുന്നു അവരുടെ വേദനയുടെ ഉറവിടം എന്ന് എനിക്കറിയാം.

ഒരു തെരഞ്ഞെടുപ്പോ തീരുമാനമോ എടുക്കാൻ ചിലപ്പോൾ വളരെ എളുപ്പമാണ്. സാദ്ധ്യമായ വരുംവരായ്മകളേയും പാർശ്വഫലങ്ങളേയും പറ്റി വേണ്ടത്ര പരിഗണന നല്കി എന്ന ധാരണയിൽ അർഹിക്കുന്ന ഗൗരവം നർകാതെ നാം അതുചെയ്യുന്നു.

നമ്മെ സ്നേഹിക്കുന്ന ആരെയും തിരസ്കരിക്കുവാൻ ചിലപ്പോൾ കോപം നമ്മെ പ്രേരിപ്പിച്ചേക്കാം. ഒഴിഞ്ഞുമാറുകയാണ് ഉത്തമമെന്ന് നമുക്കറിയാവുന്ന അധമപാതയിലേക്ക് മാത്സര്യം നമ്മെ തള്ളിവിട്ടേക്കാം. പിന്നീടുണ്ടാകാവുന്ന പ്രയാസങ്ങൾ കണക്കിലെടുക്കാതെ മുന്നേറുവാൻ നമ്മെ മാടിവിളിച്ചേക്കാം.

വികാരങ്ങളിലും, ശരിയായി ചിന്തിക്കാത്ത അഭിപ്രായങ്ങളിലും, അപക്വമായ പരിഗണനകളിലും കാലുറപ്പിച്ചു നാം തീരുമാനങ്ങൾ എടുക്കുന്നത് സാധാരണമാണ്. അത് ദൈവത്തിൽ ഭരമേലിച്ചിരിക്കുന്നു എന്നു ഭാവിക്കുന്നത് സാമർത്ഥ്യമായി നാം കരുതുന്നു. വാസ്തവത്തിൽ ആത്മാർത്ഥമായ പരിഗണനയോ, ചിന്തിക്കുവാനോ വശ്യമായ സമയമോ നാം അതിനു നർകിയിരിക്കുകയില്ല. യഥാർത്ഥത്തിൽ നാം ദൈവത്തെ ഭരമേല്പിച്ചതാണോ?

വാസ്തവത്തിൽ ദുർഘടകരമായ ഒരു തെരഞ്ഞെടുപ്പു നടത്താൻ നിങ്ങൾക്കാവശ്യം നേരിട്ട ഒടുവിലത്തെ സന്ദർഭത്തെക്കുറിച്ച് ചിന്തിക്കുക – അതെപ്പറ്റി ആദ്യം നിങ്ങൾക്കു അസ്വസ്ഥത അനുഭവപ്പെട്ട നിമിഷത്തെപ്പറ്റി, ആ ചിന്തയിൽ നിന്ന് ഒഴിഞ്ഞു മാറേണ്ടതിന് നിങ്ങൾ സ്വന്തം ബുദ്ധിയിൽ ആശ്രയിക്കുവാൻ ആരംഭിച്ചുവോ? മറ്റൊരുവന് വേദനയുണ്ടാക്കുമോ എന്നു വിവേചിക്കാതെ പ്രശ്നം മൂടിവയ്കുന്നതിന് നിങ്ങൾ ശ്രമിച്ചുവോ? നിങ്ങളുടെ നടപടികളുടെ അനന്തരഫലങ്ങളെപ്പറ്റി നിങ്ങൾ എന്തെങ്കിലും വിചിന്തനം നടത്തുകയുണ്ടായോ?

ഭവിഷ്യത്തുകൾ വസ്തുതകളെ അനുഗമിക്കുന്നു. ഒരു ജോലിക്ക് അപേക്ഷ നൽകിയിരിക്കെ, അത് ലഭിച്ചു എന്ന് അറിയിപ്പു കിട്ടുന്നതുപോലെയുള്ള ചില വേളകളിൽ ഇത്തരം ഫലങ്ങൾ ഉത്തമമായിരിക്കും. പുതിയ ഉദ്യോഗം നിങ്ങളുടെ ഒരു നടപടിയുടെ ഫലമാണ്. അഥവാ നിങ്ങൾ കറതീർന്ന ഒരു കാരുണ്യമോ, ഔദാര്യമോ കാട്ടിയെന്നു വരാം. അതിന്റെ അനന്തരഫലം ആന്തരികമായി ഊഷ്മള അനുഭൂതി തുടങ്ങി, പൊതുജനങ്ങളുടെ അംഗീകാരം വരെയാകാം. ഒരു പക്ഷെ മറ്റൊന്നും അറിയാതെയായിരിക്കാം നിങ്ങൾ പ്രവർത്തിച്ചത്. പരിണിത ഫലം നിങ്ങളുടെ കിരീടത്തിൽ മറ്റൊരു രത്നമായിരിക്കാം.

നാം തീരുമാനമെടുക്കുന്നതിനുമുമ്പ് അവയുടെ ഭവിഷ്യത്തുകളുടെ ഒരു വീഡിയോ ചിത്രം ദർശിക്കുവാൻ ഇടയായാൽ, അവ നമ്മുടെ തീരുമാനങ്ങളിൽ വ്യതിയാനം വരുത്തിയേക്കുമോ എന്ന് ഞാൻ ആലോചിക്കുകയാണ്. നമ്മുടെ കോപാകുലമായ വാക്കുകൾ അന്യർക്ക് ഉണ്ടായേക്കാവുന്ന വേദന മുൻകൂട്ടി കാണുവാൻ കഴിയുമെങ്കിൽ അത്തരം വർത്തമാനങ്ങൾ ഒഴിവാക്കുവാൻ കഴിഞ്ഞേക്കും. അനന്തരഫലം മുൻകൂട്ടി അറിയുവാൻ ഇടയായാൽ, സ്വാർഥതയിൽ നിന്നും ഉടലെടുത്ത തീരുമാനത്തിന്റെ ഫലമായി കൊട്ടിയടയ്ക്കപ്പെടുന്ന വാതിലുകളുടെ എണ്ണം ഒന്നു കുറവായിരിക്കും.

ഭവിഷ്യത്ത് മുൻകൂട്ടി അറിയുവാൻ കഴിഞ്ഞിരുന്നെങ്കിൽ സൽഫലങ്ങൾ കൂടുതൽ ഉളവാക്കുന്ന തീരുമാനങ്ങൾ ഉണ്ടാകുമായിരുന്നു. തനിയെ താമസിക്കുന്ന ഒരു വൃദ്ധന്റെ ജീവിതത്തിൽ, ക്രിസ്തുമസ്കാലത്തു ലഭിക്കുന്ന ഒരു ഭക്ഷണപൊതി വരുത്തുന്ന സന്തോഷം മുൻക്കൂട്ടി കാണുവാൻ കഴിഞ്ഞാൽ, അയൽവാസികളെപ്പറ്റിയുള്ള നമ്മുടെ അവബോധം കൂടുതൽ ദൃഢമായിതീരും. ദയാമസൃണമായ നമ്മുടെ വാക്കുകളും ദയാപൂർവമായ നമ്മുടെ ശ്രദ്ധയും ദുഃഖിതയായ ഒരു അയൽക്കാരന് നല്കുന്ന പ്രതീക്ഷാനിർഭരത നാം മനസിലാക്കുമെങ്കിൽ ഇപ്പോഴത്തേതിലധികം പ്രത്യാശയുടെ ദൂതുവാഹികളായി തീരുന്നതിനു നാം ശ്രമിക്കുമായിരുന്നു. പരുക്കനായി സംസാരിക്കുകയോ, മൗനം അവലംബിക്കുകയോ എന്ന തിരഞ്ഞെടുപ്പിന്റെ അവസരങ്ങളിൽ ഭവിഷ്യത്തുകളുടെ വീഡിയോ കാണുന്നു എങ്കിൽ മൗനം അതിവിശിഷ്ടമാണെന്ന് നമുക്കു തോന്നിയേക്കാം.

നമ്മുടെ തിരഞ്ഞെടുപ്പുകളുടെ അന്തരഫലങ്ങൾ നിരീക്ഷിക്കുവാൻ മതിയായ സമയം ജീവിതത്തിന്റെ വഴിത്താരയിൽ കാത്തുനില്കുന്നത് ലഘുകാര്യമായി തോന്നാം. യാതനകളുടെ നൊമ്പരം ഗ്രഹിക്കാത്ത ഒരു കുട്ടിയോട് നിങ്ങൾ വിമാനത്താവളത്തിൽ വിടവാങ്ങുന്ന ചിത്രം വിഭാവന ചെയ്യുക.

കുരിശിലേക്കുള്ള പാത ഭവിഷ്യത്തുകൾ നിറഞ്ഞതായിരുന്നു. ക്രൂശിൽ പ്രത്യാഘാതങ്ങൾ ഉണ്ടായിരുന്നു. മറ്റുള്ളവർക്ക് നൈരാശ്യം പകരുമ്പോൾ അത് നമുക്ക് പ്രത്യാശ നല്കുന്നു. ദൈവപുത്രൻ ആയിരിക്കുന്നതിന്റെ പ്രത്യാഘാതം യേശു അറിഞ്ഞിരുന്നു. കരണീയമായ തീരുമാനം അവിടത്തേക്ക് അറിയാമായിരുന്നു. പ്രാരംഭപ്രശ്നങ്ങൾക്കപ്പുറം നോക്കുന്നതിലൂടെ ആ തെരഞ്ഞെടുപ്പുകളുടെ അന്തരഫലം അവിടുത്തേക്ക് അറിവുള്ളതായിരുന്നു.

ചിലപ്പോൾ കൂടുതൽ വിശാലമായ ചിത്രത്തിൽ നാം നോക്കേണ്ടുണ്ട്. അനുദിനതെരഞ്ഞെടുപ്പുകളിലും തീരുമാനങ്ങളിലും അതിഗംഭീര ശക്തിയാണ് നാം കൈയ്യാളുന്നതെന്ന് ഗ്രഹിക്കേണ്ടതിന് കുരിശിന് അപ്പുറത്തേക്ക് നാം ദൃഷ്ടി പായിക്കണം. യേശു ക്രൂശിന് അപ്പുറത്തേക്കു നോക്കി തനിക്ക് നേരിടേണ്ടിയിരുന്ന അടികളും നിന്ദയും ഏകാന്തതയും അവിടുന്ന് വീഡിയോയിലെന്നപോലെ മുൻകൂട്ടി കണ്ടു. അതെല്ലാം നേരിടേണ്ടതാണെന്ന് അവിടുത്തേക്കറിയാമായിരുന്നു. എന്നാൽ അവിടുന്ന് അതിനപ്പുറം മറ്റുചിലതും ദർശിച്ചു – നിങ്ങളെയും എന്നെയും.

നിങ്ങളുടെ ഏകാന്തതയും ആകുലതയും അവിടുന്നു കണ്ടു. നിങ്ങൾ വ്യാജാരോപണങ്ങൾക്കു വിധേയനാകുന്നതും അന്യായമായി കുറ്റം വിധിക്കപ്പെടുന്നതും അവിടുന്നു ദർശിച്ചു. വിമാനത്താവളത്തിൽ വിങ്ങിപ്പൊട്ടി സ്വന്തം കുട്ടികളെ യാത്രയയച്ച നിങ്ങളെ അവിടുന്നു കണ്ടു.

വീഡിയോ കണ്ടുകഴിഞ്ഞപ്പോൾ ക്രൂശിന്റെ ഭീകരതയ്ക്ക് അമൂല്യമായ അന്തരഫലങ്ങൾ ഉണ്ടാകുമെന്ന് അവിടുന്നറിഞ്ഞു. നിങ്ങളുടെ സ്ഥാനത്ത്, അവിടുന്ന് അവിടെ ആയിരിക്കേണ്ടത് നിങ്ങൾക്കാവശ്യമാണെന്ന് യേശു അറിഞ്ഞു. തന്റെ പ്രവർത്തിയുടെ പ്രത്യാഘാതം സ്നേഹമായിരുന്നു – അനന്തവും സുഭദ്രവും, പ്രത്യക്ഷവും ഫലകരവും യഥാർഥവുമായ സ്നേഹം. തീരുമാനങ്ങളുടെ അപ്പുറത്തേക്ക് അവിടുന്നു നോക്കി എന്നതിൽ നിങ്ങൾ സന്തുഷ്ടരല്ലേ?

മാർ ക്രിസോസ്റ്റം ഫലിതങ്ങൾ



# യേശുവിനെക്കുറിച്ചു കേട്ടറിവു മാത്രമോ?

അലക്സാണ്ടർ മാർത്തോമാ വലിയ മെത്രാപ്പോലീത്തായും മാർ ക്രിസോസ്റ്റവും ഒരുമിച്ച് അമേരിക്കൻ ഐക്യനാടുകളിൽ സന്ദർശനം നടത്തിയ സന്ദർഭം. ഇരുവരും ഒരേ ഭവനത്തിലാണു താമസിച്ചിരുന്നത്. പ്രസ്തുത സ്ഥലത്തുനിന്ന് മൂന്നുറ് കിലോമീറ്ററുകൾ അകലെ, ഒരു യോഗത്തിൽ പങ്കെടുക്കാമെന്ന് അലക്സാണ്ടർ തിരുമേനി സമ്മതിച്ചിരുന്നു. ആ യോഗത്തിന്റെ നടത്തിപ്പുകാർ അലക്സാണ്ടർ തിരമേനിയെ സ്വീകരിച്ചുകൊണ്ടുവരാൻ കുര്യച്ചനെ (യഥാർത്ഥ പേരല്ല) കാറുമായി അയച്ചു. (ഈ വ്യക്തിക്ക് അലക്സാണ്ടർ തിരുമനസിനെക്കുറിച്ച് കേട്ടറിഞ്ഞ വിവരം മാത്രമേയുള്ളു). അദ്ദേഹം, തിരുമേനിമാർ താമസിച്ചിരുന്ന ബംഗ്ളാവിലെത്തി. വിശാലമായ സ്വീകരണ മുറിയിൽ ഇരിക്കുന്ന ക്രിസോസ്റ്റം തിരുമേനിയെ അദ്ദേഹം കണ്ടിട്ട് അലക്സാണ്ടർ തിരുമേനിയാണെന്ന് തെറ്റിധരിച്ച് അദ്ദേഹത്തോടു പറഞ്ഞു.

'തിരുമേനി, യോഗം കൃത്യസമയത്ത് തന്നെ ആരംഭിക്കും. അതുകൊണ്ട് ഉടനെ പുറപ്പെട്ടാൽ കൃത്യസമയത്തു തന്നെ നമുക്ക് യോഗത്തിൽ എത്തിചേരാം'.

ക്രിസോസ്റ്റം തിരുമേനിക്ക് മറ്റു പരിപാടികൾ ഒന്നും ഇല്ലാതിരുന്നതിനാൽ അദ്ദേഹം കുര്യച്ചനോടൊപ്പം കാറിൽ കയറി. യാത്രയ്ക്കിടെ തിരുമേനിയെ കുര്യച്ചൻ അടിമുടി ശ്രദ്ധിച്ചിട്ട് പരിഭവവും സംശയവും കലർന്ന ഭാഷയിൽ പറഞ്ഞു.

'എന്റെ തിരുമേനി, എന്നെ അയച്ചവർ തിരുമേനിയെക്കുറിച്ചു പറഞ്ഞതൊന്നും തിരുമേനിയുമായിയതൊരു സാമ്യവുമില്ലാത്തതാണ്. ഞാൻ ആലോചിക്കുകയായിരുന്നു എന്തുകൊണ്ടാണ് അവർ അങ്ങനെ പറഞ്ഞതെന്ന്!'.

മാർ ക്രിസോസ്റ്റം അക്ഷരാർഥത്തിൽ ഞെട്ടിപ്പോയിരുന്നു! മാർത്തോമാ മെത്രാപ്പോലിത്തയായ അലക്സാണ്ടർ തിരുമേനിയാണെന്നു ധരിച്ചാണ് തന്നെ യോഗസ്ഥലത്തേക്കു കുര്യച്ചൻ കൊണ്ടുപോകുന്നതെന്ന് മാർ ക്രിസോസ്റ്റത്തിനു വ്യക്തമായി, പക്ഷെ ഒരക്ഷരവും ഉരിയാടിയില്ല.

(സ്വർണ്ണനാവുകാരന് അബദ്ധങ്ങൾ കൂടെപ്പിറപ്പാണ്. വിദഗ്ദ്ധമായി അവയിലേക്ക് എടുത്തുചാടാനും അതിവിദഗ്ദ്ധമായി അതിൽ നിന്നും പറത്തു ചാടാനും ക്രിസോസ്റ്റം തിരുമേനിക്കുള്ള കഴിവ് പ്രശസ്തമാണല്ലോ).

യോഗസ്ഥലത്തെത്തി, അലക്സാണ്ടർ തിരുമനസിന് എന്തെങ്കിലും അസൗകര്യമായതിനാൽ ക്രിസോസ്റ്റം തിരുമേനി എത്തിയെന്നു മാത്രമേ യോഗനടത്തിപ്പുകാർ ധരിച്ചുള്ളു. സംഭവിച്ചതൊന്നും അറിയാതെ യോഗനടപടികളും ആരംഭിച്ചു. ക്രിസോസ്റ്റം തിരുമേനി പ്രസംഗം ഇപ്രകാരം തുടങ്ങി: 'അലക്സാണ്ടർ തിരുമേനിയുടെ പ്രസംഗത്തെപ്പറ്റിയും ജീവിതരീതിയെപ്പറ്റിയും സ്വാഭാവത്തെപ്പറ്റിയും കേട്ടറിവു മാത്രമുള്ള വ്യക്തി; അലക്സാണ്ടർ തിരുമേനിയെ അന്വേഷിച്ച് എത്തി. പക്ഷെ വിളിച്ചുകൊണ്ടുവന്നതോ?... ക്രിസോസ്റ്റം തുരുമേനിയായ എന്നെ'. (സദസ്യർ നിസഹായരാണല്ലോ)

സ്വർണ്ണനാവ് വീണ്ടും വാചാലമായി,

'തെറ്റിധരിക്കപ്പെട്ടു എന്നെക്കൂട്ടി നിങ്ങളുടെ മുന്നിൽ കൊണ്ടുവന്ന ആ മാന്യ വ്യക്തിയോട് പരിഭവത്തിന്റെ ആവശ്യമില്ല. കാരണം, മാനവരാശിയിൽ ഇന്ന് ആകമാനം പടർന്നുപടിച്ചുകൊണ്ടിരിക്കുന്ന ഒരു സ്വഭാവം നിർഭാഗ്യവശാൽ അദ്ദേഹം പ്രതിഫലിപ്പിച്ചെന്നേയുള്ളു...'

'മനുഷ്യന് യേശുക്രിസ്തുനെക്കുറിച്ച് എല്ലാം കേട്ടറിയാം. പക്ഷെ വിളിച്ചുകൊണ്ടുപോകുന്നതോ? സാത്താനെ!'

കുര്യച്ചൻ ഉൾപ്പെട്ട സദസ്യരുടെ നീണ്ടുനിന്ന പൊട്ടിച്ചിരിയിൽ മാർ ക്രിസോസ്റ്റവും മതിമറന്നിരുന്നു.

## അഹിംസ എന്തുകൊണ്ടാണ് ഏറെ സ്വാധീനമുള്ള തത്വശാസ്ത്രമാകുന്നത്?



*ഡോ. മാർട്ടിൻ ലൂഥർ*

യുദ്ധത്തെക്കുറിച്ചും വിപ്ലവത്തെക്കുറിച്ചും നാം കേൾക്കുമ്പോൾ ആദ്യം ഓർമ്മ വരുന്നത് ഹിംസ അഥവാ അക്രമം എന്നാണ്. എന്നാൽ യുദ്ധത്തിലും വിപ്ലവത്തിലും 'അഹിംസ' എന്ന തത്വത്തിലൂടെ വിജയം കണ്ടെത്താനാകുമെന്ന് നമ്മെ പഠിപ്പിച്ചിട്ടുണ്ട്.

ആധുനിക ലോകത്ത് അഹിംസ എന്ന തത്വചിന്തയുടെ ഉപജ്ഞാതാവായി അറിയപ്പെടുന്നത് ഇന്ത്യയുടെ സ്വാതന്ത്ര്യ സമര സേനാനിയും മഹാത്മാവുമായിരുന്ന ഗാന്ധിയായിരുന്നു. 1920 മുതൽ 1922 വരെയുള്ള കാലഘട്ടങ്ങളിൽ നിസഹരണം എന്ന അഹിംസാതത്വത്തിലൂടെ ഉള്ള സമരം ആരംഭിച്ചു. തുടർന്ന് ബ്രിട്ടീഷുകാർ നിർമ്മിക്കുന്ന സാധനം വാങ്ങാതെയും അവരുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പോകാതെയും തികച്ചും അഹിംസാതത്വത്തിലൂടെയുള്ള സമരമുറ ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നും ഇന്ത്യയെ മോചിപ്പിച്ച ലോകം കണ്ട ഏറ്റവും വലിയ അഹിംസാസമരമായി ചരിത്രം എഴുതി. അങ്ങനെ 1947-ൽ ഇന്ത്യ ഒരു സ്വതന്ത്രരാഷ്ട്രമായി തീർന്നു.

അമേരിക്കക്കാർക്ക് സ്വാതന്ത്ര്യം നേടികൊടുത്ത ഡോ. മാർട്ടിൻ ലൂഥർ കിംങിനു ശേഷം 2013-ൽ വിടവാങ്ങിയ ആഫ്രിക്കയുടെ രാഷ്ട്രപിതാവ് നെൽസൺ മണ്ടേല ആയിരുന്നു ഈ ശ്രേണിയിലെ ലോകം കണ്ട ഏറ്റവും വലിയ അഹിംസ സമര ഭടൻ. ഗാന്ധിജിയിൽ നിന്നും പ്രചോദനം ഉൾകൊണ്ടാണ് ആഫ്രിക്കയുടെ വിമോചനത്തിന് നെൽസൺ മണ്ടേലയും പ്രവർത്തിച്ചത്.

എന്നാൽ ഗാന്ധിജിക്ക് എവിടെനിന്നാണ് ഈ തത്വം പഠിക്കേണ്ടിവന്നത്. അത് വിശുദ്ധ ബൈബിളിലെ യേശുക്രിസ്തുവിലൂടെയാണ്.

അക്രമംകൊണ്ടും പണംകൊണ്ടും എന്തും നേടിയെടുക്കാം എന്ന് ലോകം നമ്മെ പഠിപ്പിക്കാൻ ശ്രമിക്കുമ്പോൾ, ഇന്നും പ്രശ്നപരിഹാരത്തിന് ആഹിംസ തന്നെയാണ് ഏറ്റവും നല്ല ആയുധം എന്ന് നാം തിരിച്ചറിയണം.

# പീഡനവും വളർച്ചയും

ന്യൂഡൽഹി: സമൂഹത്തിന്റെ മദ്ധ്യവർഗ ശ്രേണിയിലേക്കും ഉന്നതകുല ജാതികളിലേക്കും ക്രിസ്ത്യാനിത്വത്തിന്റെ വേരുകൾ പടർന്നു പിടിക്കുകയാണ്. ന്യൂ ഇന്ത്യ എന്ന ശീർഷകത്തിൽ 'അൺ ഫിനീഷർ' എന്ന ഒരു മാഗസിന്റെ കഴിഞ്ഞ ലക്കത്തിലാണ് ഈ വെളിപ്പെടുത്തൽ നടത്തിയിട്ടുള്ളത്. പ്രശസ്ത ഇന്ത്യൻ നരവംശ ശാസ്ത്രജ്ഞനായ ഡോ. പ്രഭൂസിംങ് ആണ് തന്റെ ലേഖനത്തിൽ ക്രിസ്ത്യാനികൾക്കിടയിൽ ഉണ്ടായിരിക്കുന്ന അഞ്ചുതരം ട്രെന്റുകളെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നത്. വെൽക്കം ടു ദ ന്യൂ ഇന്ത്യ, ന്യൂ ഇറാസ് ഓഫ് ബ്ലോക്കൽ കോംബ്ലക്സ്, കണക്റ്റിവിറ്റി, ഹൈടേൺഡ് കൾച്ചറൽ സെൻസിറ്റിവിറ്റി, അലാറിമിംഗ് റിലിജിയസ് അനിമോസ്റ്റി, വൈഡിനിംഗ് എക്കണോമിക് ഡിസ്പാരിറ്റി എന്നീ ട്രെന്റുകളെക്കുറിച്ചാണ് വെൽക്കം ടു ദ ന്യൂ ഇന്ത്യ എന്ന ഭാരതത്തിലെ ക്രിസ്ത്യാനിത്വത്തിന്റെ പുതിയ വളർച്ചയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്. ആഗോളവ്യാപകമായി ക്രൈസ്തവ സഭയ്ക്ക് എതിരെയും വിശേഷാൽ സുവിശേഷികരണത്തെയും അതിശക്തമായ പീഡനങ്ങൾ അഴിച്ചു വിട്ടിരിക്കുന്നു. ഇന്ത്യയിലെ മദ്ധ്യപ്രദേശ് ഉൾപ്പടെയുള്ള പല സംസ്ഥാനങ്ങളിലും മതപരിവർത്തനബിൽ നടപ്പിലാക്കുക വഴി ക്രിസ്ത്യാനികൾക്ക് എതിരെയുള്ള പീഡനവും അതിനുള്ള ശ്രമവും വർധിച്ചുകൊണ്ടിരിക്കുന്നു.

നാളിതുവരെയും ഇന്ത്യയുടെ അടിസ്ഥാന വർഗമായ പട്ടികജാതി പട്ടികവർഗങ്ങൾക്കിടയിലാണ് ക്രൈസ്തവർ പ്രലോഭനങ്ങളും വാഗ്ദാനങ്ങളും നല്കി മതപരിവർത്തനം ചെയ്യിപ്പിക്കുന്നു എന്ന് ആരോപിച്ചിരിക്കുന്നത്. എന്നാൽ പ്രഭൂസിംഗിന്റെ പഠനറിപ്പോർട്ടിന്റെ വിശദാംശങ്ങൾ പരിശോധിച്ചാൽ യാഥാർഥ്യങ്ങൾ കുറെക്കൂടെ നമുക്കു മനസിലാകും.

ആഗോള വ്യാപകമായി എഴുപത്തിയൊന്നു മില്യൺ വരുന്ന ക്രിസ്ത്യാനികളിൽ നല്ലൊരു പങ്കും ഇന്ത്യയിലാണ്. ക്രിസ്തീയജനപ്പെരുപ്പ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ ക്രിസ്ത്യാനികൾ ഉള്ള എട്ടാമത്തെ രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. നാനൂറ്റി അമ്പത്താറു ഭാഷകളും രണ്ടായിരത്തി പതിനൊന്നു വ്യത്യസ്ത വിഭാഗത്തിൽപ്പെട്ട ആളുകളുമാണ് ഭാരതത്തിൽ ഉള്ളത്. മറ്റൊരു രാജ്യത്തിനും സമാനതകൾ ഇല്ലാത്ത ഈ ജനവിഭാഗങ്ങളിൽ എൺപത്തിയെട്ടു ശതമാനം ആളുകളിലും സുവിശേഷം എത്തിയിരിക്കുന്നു എന്നാണ് പ്രസിഡന്റ് സി. ഇ. ഒ. ഓഫ് ദ മിഷൻ സൊസൈറ്റി ഡിക് മിക്ലെയ്നെ ഉദ്ദരിച്ച് അൺഫിനിഷർ മാഗസിൻ റിപ്പോർട്ടു ചെയ്തിരിക്കുന്നത്.

ഇന്ത്യപോലെ ഇത്രയേറെ വർഗവ്യത്യാസമുള്ള മറ്റൊരു രാജ്യം ഭൂമിയിൽ ഉണ്ടാവില്ല. അനുദിനം മാറ്റങ്ങളുടെ കുത്തൊഴുക്കും സങ്കീർണ്ണമായ വ്യതിയാനങ്ങളും ഭാരതത്തിന്റെ മാത്രം പ്രത്യേകതയാണ്. പ്രഭൂസിംഗിന്റെ നിശ്ചിത പഠനമനുസരിച്ച് അഞ്ചുതരം ട്രെന്റുകളാണ് ഭാരത ക്രൈസ്തവർക്കിടയിൽ പുതുതായി ഉടലെടുത്തിട്ടുള്ളത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പീഡനങ്ങളുടെ പ്രതിഫലനമായിട്ടാണ് മദ്ധ്യവർഗത്തിലേക്കും ഉയർന്ന ജാതികളിലേക്കും ക്രിസ്ത്യാനിത്വത്തിന്റെ വേര് പടർന്നു പന്തലിച്ചുകൊണ്ടിരിക്കുന്നത്. ഇത്രമാത്രം നിയമവിരുദ്ധവും അല്ലാത്തതുമായ കാരണങ്ങൾ വഴി ക്രൈസ്തവ പീഡനം അതിന്റെ തോത് വർദ്ധിപ്പിക്കുമ്പോഴും അവയ്ക്കൊന്നിനും ഇതിനെ തകർക്കുവാൻ സാധിക്കുകയില്ല. പുരോഹിതൻ ഉൾപ്പെടെ കൊല്ലപ്പെടുമ്പോഴും സ്ഥാപനങ്ങൾ നശിപ്പിക്കപ്പെടുമ്പോഴും ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുമ്പോഴും ഇത് ചെയ്യുന്നവർക്കെതിരെ പ്രതികാരമോ, പ്രതികരണമോ ഇല്ലാതെ അവരോടു ക്ഷമിക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നതുകൊണ്ട് ഭാരതത്തിലെ ക്രൈസ്തവ സഭ തീയിൽ കുരുത്ത നാമ്പുപോലെയാണ് പീഡനങ്ങളുടെ നടുവിൽ വളർന്നുകൊണ്ടിരിക്കുന്നത്.

## ബിഷപ്പ് റ്റി. ഡി. ജാക്സ്



അമേരിക്ക: അമേരിക്കയിലെ ഏറ്റവും പ്രസിദ്ധനും ബഹുമാന്യനുമാണ് റവ. റ്റി. ഡി. ജാക്സ്. കേവലം ഒരു പ്രസംഗത്തെക്കാളുപരി വൈവിധ്യംകൊണ്ടും അവതരണ ശൈലികൊണ്ടും വേറിട്ടു നിൽക്കുന്നതാണ് ജാക്സിന്റെ പ്രസംഗം. എല്ലാ പ്രായക്കാരിലും സ്വാധീനം ചെലുത്തുവാൻ സാധിക്കുന്ന അപൂർവവ്യക്തിത്വത്തിന്റെ ഉടമയാണ് അദ്ദേഹം. പുസ്തകങ്ങൾ, ക്രിസ്തീയസിനിമകൾ, ടെലിവിഷൻ പ്രസംഗം എന്നീ മാധ്യമങ്ങളിലൂടെ എന്നും ജനങ്ങളുമായി സംവാദിച്ചുകൊണ്ടിരിക്കന്നു.

തോമസ് ഡെക്റ്റർ ജാക്സ് എന്നാണ് പൂർണ്ണപേര്. 1957 ജൂൺ 9-ന് ആയിരുന്നു ജനനം. വെസ്റ്റ് വെർജീനിയായിലെ സൗത്ത് കാർലെസ്റ്റോണിൽ ഒരു വീട്ടിലായിരുന്നു ജനനം. ദ പോട്ടർ ഹൗസ് എന്ന ചർച്ചിൽ 30,000-ൽ അധികം വിശ്വാസികൾ ഉണ്ട്. ഒരു ലക്ഷം പേർ പങ്കെടുക്കുന്ന മെഗാഫീസ്റ്റ് കോൺഫ്രൻസ് എല്ലാ വർഷവും നടത്താറുണ്ട്.

വിശ്വാസം പ്രവർത്തിയിൽ യാഥാർഥ്യമാക്കുന്ന അപൂർവ പ്രതിഭയാണ് റ്റി. ഡി. ജാക്സനെന്ന് അമേരിക്കയുടെ മുൻ പ്രസിഡന്റ് ജോർജ് ബുഷ് പറഞ്ഞിട്ടുണ്ട്. ഹൂറികെയ്ൻ, കത്രീന സംഭവത്തിൽ ബുഷിന്റെ കഴിവുകേടിനെതിരെ ശക്തമായി ജാക്സൺ വിമർശിക്കുകയും ചെയ്തിട്ടുണ്ട്. ബുഷ് മാത്രമാണ് ജാക്സനുമായി സമയം ചിലവഴിച്ച ഏക അമേരിക്കൻ പ്രസിഡന്റ് വ്യക്തി. 2009 ജനുവരി 20 ന് പ്രസിഡന്റ് ഒബാമ സ്ഥാനമേറ്റ രാവിലെ ജാക്സൺ വസതിയിൽ പ്രഭാതപ്രാർഥന നടത്തി. ഇരുപത്തിനാലാം വയസിൽ 1981-ൽ സെറിറ്റ ആൻ ജയിംസണിനെ വിവാഹം ചെയ്തു. അവർക്ക് അഞ്ചു മക്കളുണ്ട്.

# Soul Winner

January 2014 • Volume 1 • Issue 6



The Soul Winner
P. O. Box - 597232, Chicago IL, 60659, USA
Email: editor.swi@gmail.com
Phone: -91 479 2356706, +91 9981571723




## മണ്ഡേല ഏറ്റവും വലിയ വിമോചന കർത്താവ്: ബറാക്ക് ഒബാമ

ആഫ്രിക്ക: ഇരുപത്തിയഞ്ചിൽ അധികം വർഷങ്ങൾ തടവറ വാസത്തിൽ നിന്നും വിമോചിതനായ മണ്ഡേലയ്ക്ക് സുവിശേഷത്തിന്റെ ഉൾക്കാഴ്ച ലഭിച്ചിരുന്നു എന്ന് ആഫ്രിക്കയിലെ ഏറ്റവും വലിയ സുവിശേഷകൻ വെളിപ്പെടുത്തി. 1992-ൽ മണ്ഡേല ആവശ്യപ്പെട്ടതനുസരിച്ച് ബില്ലിഗ്രഹാം തന്നെ സന്ദർശിക്കുകയും പീസ് വിത്ത് ഗോഡ് എന്ന പുസ്തകം കൈയ്യൊപ്പോടെ വാങ്ങിക്കുകയും ചെയ്തു.

ജയിൽ വാസത്തിന്റെ എല്ലാ ദിനങ്ങളിലും താൻ ബൈബിൾ വായിക്കുകയും ഞായറാഴ്ച വൈകുന്നേരത്തെ ആരാധനയിൽ മുടങ്ങാതെ പങ്കെടുക്കുകയും ചെയ്തിരുന്നുവെന്ന് മിഖായേൽ കാസ്ഡി സാക്ഷ്യപ്പെടുത്തിയിരുന്നു. ക്രിസ്തീയ ജീവിതം കേവലം പ്രായോഗിക ജീവിതം മാത്രമായിരുന്നില്ല, ദേഹം, ദേഹി, ആത്മാവിന്റെ അടിസ്ഥാനതത്വം തന്നെ ആയിരുന്നു എന്ന് മണ്ഡേല വിശ്വസിച്ചിരുന്നു. വർണ്ണവിവേചനത്തിനെതിരെ സംശയരഹിതമായ മറുപടി നൽകുന്ന ബൈബിളിന്റെ പഠിപ്പിക്കലുകളെ താൻ ഏറെ പ്രശംസിച്ചിരുന്നു.

മുൻ ആഫ്രിക്കൻ പ്രസിഡന്റും രാഷ്ട്രപിതാവുമായ നെൽസൺ മണ്ഡേല ഇരുപതാം നൂറ്റാണ്ടു കണ്ട ഏറ്റവും വലിയ വിമോചന കർത്താവായിരുന്നു എന്ന് ഡിസംബർ പത്തിനു നടന്ന അനുശോചനസമ്മേളനത്തിൽ അമേരിക്കൻ പ്രസിഡന്റ് ബറാക്ക് ഒബാമ പറഞ്ഞു. തൊണ്ണൂറോളം വരുന്ന രാജ്യതലവന്മാരുടെ സാന്നിധ്യത്തിൽ ആണ് ഒബാമ മണ്ഡേലയെ അനുസ്മരിച്ചത്.

കത്തോലിക്കാ പരമാദ്ധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പയും, ക്യൂബൻ പ്രസിഡന്റ് റൗൾ കാസ്ട്രോയും സിംബാവേ പ്രസിഡന്റ് റോബർട്ട് മുകാബേ, വെനിസ് പ്രസിഡന്റ് ലി യുയാനാമോ, ഇന്ത്യൻ പ്രസിഡന്റ് ഡോ. പ്രണബ് മുഖർജി, യു. പി. എ അധ്യക്ഷ സോണിയാ ഗാന്ധി, ലോക്സഭ പ്രതിപക്ഷനേതാവ് സുഷ്മാ സ്വരാജ് തുടങ്ങി 174 രാജ്യപ്രതിനിധികളും ലോകനേതാക്കളും മണ്ഡേലയ്ക്ക് അന്തിമോപചാരം അർപ്പിക്കാനെത്തി.

നീണ്ട ഇരുപത്തിയേഴു വർഷത്തെ ജയിൽ വാസത്തിൽ നിന്നും മോചിതനായ മണ്ഡേലയുടെ പ്രസംഗം ആഫ്രിക്കക്കാരെ ഒരർത്ഥത്തിൽ നിരാശരാക്കി. കാരണം തങ്ങളെ അടിമകളാക്കിയ വെളുത്ത വർഗക്കാർക്കെതിരെയുള്ള ഒരു യുദ്ധപ്രഖ്യാപനമാണ് അവർ പ്രതീക്ഷിച്ചത്. എന്നാൽ വെളുത്തവനും കറുത്തവനും യോജിച്ചുള്ള ഒരു സോഷ്യലിസ്റ്റ് ചിന്താരീതിയാണ് താൻ പ്രസംഗിച്ചത്. അതാണ് സമാധാനത്തിനുള്ള നോബൽ സമ്മാനത്തിന് തന്നെ അർഹനാക്കിയത്. ഇതിനിടെ ഒരു ബ്രിട്ടീഷ് പത്രപ്രവർത്തകൻ മണ്ഡേലയെ യേശുക്രിസ്തുവിനോടുപമിച്ചത് വിവാദമാകുകയും ചെയ്തു.

## ജോണി ലിവറിനും നമ്മയ്ക്കും ഭീഷണി

മുംബെയ്: ചില ഹൈന്ദവ സംഘടനകളിൽ നിന്ന് ബോളിവുഡ് താരങ്ങളായ നമ്മയ്ക്കും ജോണി ലിവറിനും ഭീഷണി. ക്രിസ്ത്യാനിത്വത്തിന്റെ പ്രചാരണവും ഹിന്ദുക്കളെ ക്രിസ്തുമതത്തിലേക്കു ചേർക്കുന്നു എന്ന കാരണത്താലാണ് ഭീഷണി ഉയർത്തിയത്. പതിനെട്ട് പേജുകൾ വരുന്ന ഒരു ചെറുപുസ്തകത്തിൽ, തങ്ങളുടെ ജീവിതത്തിലെ ഇത്ര നല്ല മാറ്റങ്ങളുടെ കാരണം ക്രിസ്ത്യാനികളായതിനാലാണ് എന്ന് എഴുതിട്ടുണ്ടായിരുന്നു. അത് തിരുത്തി പറയാതിരുന്നാൽ സ്വന്തം ശൈലിയിൽ അവരെ തിരുത്തുമെന്നും പറഞ്ഞു.

പ്രസിദ്ധ ബോളിവുഡ് നടിയായ നമ്മയുടെ മാതാവ് മുസ്ലീമും, പിതാവ് ഹിന്ദുവുമാണ്. കുറെ വർഷങ്ങൾ മുമ്പാണ് അവർ ക്രിസ്ത്യാനിയായത്. ഹിന്ദി, തെലുങ്ക്, തമിഴ്, മലയാളം, കന്നഡ, ബംഗാളി, ബോത്പൂരി, പഞ്ചാബി ഒടുവിൽ മറാത്തി സിനിമയിലും അഭിനയിച്ചിട്ടുണ്ട്. ഹിന്ദി സിനിമയിലെ വളരെ പ്രശസ്തനായ കൊമേഡിയൻ ആണ് ജോണി ലിവർ. പതിമൂന്ന് അവാർഡുകളും നിരവധി ബെസ്റ്റ് കൊമേഡിയൻ അവാർഡുകളും ജോണി നേടിയിട്ടുണ്ട്. നമ്മയും ജോണിയും തങ്ങൾക്കു ലഭിക്കുന്ന ഏത് അവസരത്തിലും ക്രിസ്തുവിലൂടെയുള്ള രക്ഷയെക്കുറിച്ച് സാക്ഷ്യം പറയാറുണ്ട്.

## ദൈവശാസ്ത്ര പഠനം: കത്തോലിക്കാ, യക്കോബായ സഭകൾ യോജിച്ചു പ്രവർത്തിക്കുവാൻ തീരുമാനം

കോലഞ്ചേരി: കത്തോലിക്കാ, യാക്കോബായ സഭകളുടെ ദൈവശാസ്ത്ര പഠനകേന്ദ്രങ്ങൾ സഭൈക്യ പ്രവർത്തനങ്ങൾക്കായി സഹകരിച്ചു പ്രവർത്തിക്കാൻ പുത്തൻകുരിശു പാത്രിയർക്ക സെന്ററിൽ നടന്ന ദൈവശാസ്ത്ര കമ്മീഷൻ സമ്മേളനത്തിൽ തീരുമാനമായി.

വിശുദ്ധ പത്രോസിന്റെ പ്രഥമ സ്ഥാനീയതയെക്കുറിച്ച് ആരാധനാ ക്രമത്തിലും വിശുദ്ധ ഗ്രന്ഥത്തിലും സഭാ പിതാക്കന്മാരിലുള്ള ദർശനങ്ങളെക്കുറിച്ച് ഇരുസഭകളും യോജിച്ച് പഠനങ്ങൾ നടത്തും. സമ്മേളനം ശ്രേഷ്ട ബസേലിയോസ് തോമസ് പ്രഥമൻ കത്തോലിക്ക ബാവ ഉദ്ഘാടനം ചെയ്തു. യക്കോബായ സഭയെ പ്രതിനിധീകരിച്ച് ഡോ. ജോസഫ് മാർ ഗ്രീഗോറിയോസ്, സഭാ എക്യുമെനിക്കൽ വിഭാഗം അധ്യക്ഷൻ ഡോ. കുര്യാക്കോസ് മാർ തെയോഫിലോസ്, മാത്യൂസ് മാർ അപ്രേം, മാത്യൂസ് മാർ അന്തിമോസ്, ഡോ. ആദായി ജേക്കബ് കോർ എപ്പിസ്കോപ്പാ, ഡോ. കുര്യാക്കോസ് മൂലയിൽ കോർ എപ്പിസ്കോപ്പാ, ഫാ. ഷിബു ചെറിയാൻ, ഫാ. ഡോ. പ്രിൻസ് മണ്ണത്തൂർ, ഫാ. ഗ്രിഗർ ആർ. കൊല്ലന്നൂർ എന്നിവർ പങ്കെടുത്തു.

കത്തോലിക്കാ സഭയെ പ്രതിനിധീകരിച്ച് വത്തിക്കാനിലെ പൊന്തിഫിക്കൽ കൗൺസിൽ ഫോർ പ്രൊമോട്ടിങ് ക്രിസ്ത്യൻ യൂണിറ്റിയുടെ സെക്രട്ടറി ആർച്ച് ബിഷപ്പ് ബ്രിയാൻ ഫാരൽ, മാർ ജോസഫ് പൗവത്തിൽ, മാർ മാത്യു മൂലക്കാട്ടിൽ, തോമസ് മാർ കുറിലോസ്, ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ, മാർ ജോസഫ് കല്ലറങ്ങാട്ട്, റവ. ഡോ. അഗസ്റ്റിൻ കടമ്പാട്ട്, റവ. ഡോ. മാത്യൂസ് വെള്ളാനിക്കൽ, റവ. ഡോ. സേവ്യർ കൂടപ്പുഴ, റവ. ഡോ. ജേക്കബ് തെക്കേപ്പറമ്പിൽ, റവ. ഡോ. ഫിലിപ്പ് നൻപ്പുരപ്പറമ്പിൽ, ഫാ. ഗബ്രിയേൽ ക്വക് എന്നിവരും സന്നിഹിതരായി. 1993-ൽ രൂപികരിച്ച ദൈവശാസ്ത്ര കമ്മീഷൻ ഓരോ വർഷവും സഭൈക്യ സംവാദങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കുർബാന കുമ്പസാരം രോഗിലേപനം എന്നിവയിൽ ഇതിനോടകം യോജിച്ചു പ്രവർത്തിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

## ന്യു ഡൽഹിയിൽ ന്യു ജനറേഷൻ ഗവൺമെന്റ്

ന്യൂഡൽഹി: അഴിമതിക്കെതിരെ ഇന്ത്യൻ യുവത്വത്തെ അണിനിരത്തി സ്വാതന്ത്രസമരത്തിന് നേതൃത്വം നല്കിയ അണ്ണാ ഹസാരെ എന്ന ആധുനിക ഗാന്ധിയൻ സമരത്തിന്റെ ബുദ്ധികേന്ദ്രമായിരുന്ന അരവിന്ദ് കേജരിവാൾ എന്ന മുൻ സിവിൽ സർവീസ് ഉദ്യോഗസ്ഥൻ ഇന്ത്യയുടെ തലസ്ഥാന മുഖ്യമന്ത്രിയായി. കഴിഞ്ഞ വർഷം രാംലീലാ മൈതാനത്ത് ഐതിഹാസികമായ ലോക്ബാൽ സമരത്തിൻ വൻ യുവജന പങ്കാളിത്വമുണ്ടായിരുന്നു. സോഷ്യൽ മീഡിയായിലൂടെയും, നെറ്റുവർക്കിലൂടെയും പതിനായിരക്കണക്കിന് യുവജനങ്ങളെ അണിനിരത്തി നടത്തിയ സമരത്തിന്റെ സൂത്രധാരനായിരുന്നു അരവിന്ദ് കേജരിവാൾ. പരമ്പരാഗത രാഷ്ട്രീയ സംവിധാനങ്ങൾക്ക് എല്ലാം തന്നെ കടുത്ത വെല്ലുവിളിയുയർത്തിയ ആ സമരം ഇടവഴിയിൽ അവസാനിപ്പിക്കേണ്ടി വന്നപ്പോൾ ജനാധിപത്യ സംവിധാനത്തിലൂടെ മാത്രമേ രാജ്യത്തെ നയിക്കാനാവു എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഹസാരേ സംഘത്തോടു വിടപറഞ്ഞ് കേവലം ഒരു വർഷത്തെ പ്രായം മാത്രമുള്ള ആം ആദ്മി പാർട്ടിയിലൂടെയാണ് കേജരിവാൾ ഇപ്പോൾ മുഖ്യമന്ത്രിയാകുന്നത്.

രാജ്യത്തെ ഇടവേളകളിൽ ഭരണം നയിച്ച രാഷ്ട്രീയ പാർട്ടികളെ അമ്പരപ്പിച്ചുകൊണ്ട് ബി. ജെ. പി. യുടെയും കോൺഗ്രസിന്റെയും അഴിമതികളെ തുറന്നു കാട്ടി വോട്ടു നേടിയ കേജരിവാൾ കോൺഗ്രസിന്റെ പിൻബലത്തോടെയാണ് സർക്കാർ രൂപികരിച്ചത് ഒരു വിരോധാഭാസം ആണെങ്കിലും ഒരു ന്യൂജനറേഷൻ ഗവൺമെന്റ് എന്ന ഖ്യാതി അരവിന്ദ് കേജരിവാൾ നേതൃത്വം നല്കുന്ന ഗവൺമെന്റ് മുമ്പോട്ടുവയ്ക്കുന്നു.

വി. വി. ഐ. പി യുടെ സുരക്ഷ നിരസിച്ചുകൊണ്ടും, വൈദ്യുതി ചാർജ് പകുതി കുറച്ചുകൊണ്ടും സൗജന്യമായി ഒരു നിശ്ചിത അളവിൽ പൊതുജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുമെന്നു വാഗ്ദാനം ചെയ്തിട്ടുള്ള കേജരിവാൾ ഗവൺമെന്റ് ഇന്ത്യൻ യുവത്വത്തിന്റെ പ്രതീക്ഷകൾ വർദ്ധിപ്പിക്കുന്നു. ഇതിന്റെ ഫലങ്ങൾ കാത്തിരുന്ന് കാണേണ്ടതാണെങ്കിലും ലോക്പാൽ ബില്ലിന്റെ സൂത്രധാരൻകൂടിയായ കേജരിവാളിന്റെ നേതൃത്വത്തിലുള്ള ഡൽഹി ഗവൺമെന്റിന്റെ ഭരണം ഒരു ന്യൂജനറേഷൻ ഗവൺമെന്റ് തന്നെ ആയിരിക്കുമോ?

## ടൈം മാഗസിൻ പേഴ്സൺ ഓഫ് ദി ഇയർ



കഴിഞ്ഞ ഡിസംബറിൽ ജോർജ് മാറിയോ ബെർഗോഗിലിയോ എന്ന പേര് ഏവർക്കും സുപരിചിതമായിരുന്നോ? അന്ന് രണ്ടായിരത്തോളം വരുന്ന കത്തോലിക്ക കർദ്ദിനാൾമാരിൽ ഒരാളായിരുന്ന ജോർജ് ജന്മനാടായ അർജന്റീനായിലെ ബ്യൂനോസിൽ കഴിയുകയായിരുന്നു. പുരോഹിതനാകുന്നതിനു മുമ്പ് നിശാക്ലബ് ബൗൺസറും, ദ്വാരപാലകനുമായിരുന്നു. സ്പാനിഷ് തത്വചിന്തകനും ജർമൻ, ഇറ്റാലിയൻ, ലത്തിൻ ഭാഷകൾ വശ്യസുന്ദരമായി കൈകാര്യം ചെയ്യുന്ന വ്യക്തിയുമാണ്. അതിരറ്റ തന്റെ വിനയം ഏവരും ചർച്ച ചെയ്യുന്നതാണ്. ഒറ്റമുറിയിൽ താമസിച്ച് മണ്ണെണ്ണ സ്റ്റൗവിൽ സ്വയം ആഹാരം പാകം ചെയ്ത് ഭക്ഷിച്ചും പൊതുബസിൽ യാത്രചെയ്തിരുന്ന ഒരു സാധാരണ വ്യക്തിത്വം. കഴിഞ്ഞ മാർച്ച് മാസത്തിലായിരുന്ന തന്റെ ജീവിതത്തിൽ ഏറ്റവും തികച്ചും ആകസ്മികമായി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷപദവിയിൽ പോപ്പ് ആയി വാഴിക്കപ്പെട്ടത്. 16-ാം തിയതി ടൈം മാഗസിനാണ് രണ്ടായിരത്തി പതിമൂന്നിലെ ശ്രേഷ്ഠ വ്യക്തിയായി പോപ്പിനെ തിരഞ്ഞെടുത്തത്.

പാപപ്പെട്ടവരോടും ദരിദ്രരോടുമുള്ള ആർദ്രത, വ്യക്തി ജീവിതത്തിലെ വിനയംകൊണ്ട് ആഡംബര ജീവിതത്തിനും അഹങ്കാരത്തിനുമെതിരെയുള്ള ജീവിത സന്ദേശം, ഉന്നതസ്ഥാനത്തിരിക്കുമ്പോഴും സമകാലിക മാധ്യമങ്ങളോടുള്ള സമീപനവും ബന്ധവും ശ്രേഷ്ഠവ്യക്തിയായി പോപ്പിനെ തിരഞ്ഞെടുക്കാൻ കണ്ടെത്തിയ കാരണങ്ങൾ.

ഗ്ലോബൽ മാഗസിൻ മോണിട്ടറിന്റെ റിപ്പോർട്ടനുസരിച്ച് ഓൺലൈനിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട 2013 ലെ വ്യക്തിത്വമാണ് പോപ്പിന്റേത്. ഫെയ്സ്ബുക്ക് വഴി 1.2 ബില്ല്യൻ ആളുകളാണ് പോപ്പിനെ ഇഷ്ടപ്പെട്ടത്. ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ച നേതാവെന്ന് ട്വിറ്ററിൽ വോട്ടു രേഖപ്പെടുത്തിയിട്ടുണ്ട്.

"Myself among them" ഞാൻ അവരുടെ നടുവിൽ എന്ന ബ്ലോഗിൽ 3,348,650 പിൻഗാമികളുണ്ട്.